Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**19th December 2018**

## ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റിനെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധന നിയമപ്രകാരം ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലിസിയമ്മ ജോസിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അയോഗ്യയാക്കി.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2018 ഡിസംബർ 18 മുതൽ ആറ് വർഷത്തേക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്. അഴുത ബ്ലോക്ക് പഞ്ചായത്തിൽ കമ്മീഷൻ അയോഗ്യത കല്പിക്കുന്ന രണ്ടാമത്തെ അംഗമാണ് ലിസിയമ്മ ജോസ്.

അഴുത ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് 2017 ഡിസംബർ 27ന് നടന്ന തിരഞ്ഞെടുപ്പിൽ കേരള കോൺഗ്രസ്സ്(എം) അംഗമായ ഇവർ പാർട്ടി വിപ്പ് ലംഘിച്ച് ഔദ്യോഗിക സ്ഥാനാർഥിക്ക് എതിരെ മത്സരിക്കുകയും എൽ.ഡി.എഫ് പിൻതുണയോടെ വിജയിക്കുകയും ചെയ്തിരുന്നു.

ഇതിനെതിരെ ബ്ലോക്ക് പഞ്ചായത്തംഗം ഷാജി പൈനാടത്ത് സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവരെ ആയോഗ്യരാക്കിയത്.

*എസ്.ഇ.സി.45/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**15th December 2018**

## സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു.

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 12 ജില്ലകളിലെ 30 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ 23 ഗ്രാമപഞ്ചായത്ത് വാർഡുകളിലെയും കൊല്ലം ജില്ലയിൽ ഒന്നും മലപ്പുറത്ത രണ്ടും ബ്ലോക്ക് പഞ്ചായത്തിലെയും ആലപ്പുഴ ജില്ലയിലെ രണ്ടും പാലക്കാട് ജില്ലയിലെ ഒന്നും നഗരസഭ വാർഡുകളിലെയും എറണാകുളം കോർപ്പറേഷനിലെ ഒരു വാർഡിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്.

ഈ വാർഡുകളിലെ കരട് വോട്ടർപട്ടിക നാളെ (17ന്) പ്രസിദ്ധീകരിക്കും. അവകാശവാദങ്ങളും ആക്ഷേപങ്ങളും ഓൺ ലൈനായി ഈ മാസം 31 വരെ സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് - ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് - ഫാറം 6 പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം - ഫാറം 7 എന്നീ അപേക്ഷകളാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫാറം-5-ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ അപേക്ഷിക്കണം.

അവകാശവാദങ്ങളിലും ആക്ഷേപങ്ങളിലും തീർപ്പ് കൽപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 ജനുവരി 11 ആണ്. അന്തിമ വോട്ടർപട്ടിക ജനുവരി 14-ന് പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2019 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ ഓഫീസുകളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. നിലവിലെ പട്ടിക www.lsgelection.kerala.gov.in -ൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലെ ചാമവിളപ്പുറം, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ പ്ലാമ്പഴിഞ്ഞി, കൊല്ലം ജില്ലയിൽ ചിറ്റുമല ബ്ലോക്ക്പഞ്ചായത്തിലെ പെരുമൺ വാർഡ്, പത്തനംതിട്ട ജില്ലയിൽ റാന്നി ഗ്രാമപഞ്ചായത്തിലെ പുതുശേരിമല പടിഞ്ഞാറ്, ആലപ്പുഴ ജില്ലയിൽ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ ജില്ലാ കോടതി, കായംകുളം മുനിസിപ്പാലിറ്റിയിലെ എരുവ, കൈനകരി ഗ്രാമപഞ്ചായത്തിലെ ഭജനമഠം, കരുവാറ്റ ഗ്രാമപഞ്ചായത്തിലെ നാരായണ വിലാസം, കോട്ടയം ജില്ലയിൽ നീണ്ടൂർ ഗ്രാമപഞ്ചായത്തിലെ കൈപ്പുഴ പോസ്റ്റാഫീസ്, എറണാകുളം ജില്ലയിൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലെ വൈറ്റില ജനത, ഒക്കൽ ഗ്രാമപഞ്ചായത്തിലെ ചേലാമറ്റം, കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ പ്ലാമുടി, കുന്നുകര ഗ്രാമപഞ്ചായത്തിലെ കുന്നുകര ഈസ്റ്റ്, തൃശൂർ ജില്ലയിൽ ചാഴൂർ ഗ്രാമപഞ്ചായത്തിലെ കോലോത്തുംകടവ്, അരിമ്പൂർ ഗ്രാമപഞ്ചായത്തിലെ വിളക്കുമാടം, പാലക്കാട് ജില്ലയിൽ പാലക്കാട് മുനിസിപ്പാലിറ്റിയിലെ കൽപ്പാത്തി, തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിലെ കറുകപുത്തൂർ, അഗളി ഗ്രാമപഞ്ചായത്തിലെ പാക്കുളം, നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിലെ ലില്ലി, മലപ്പുറം ജില്ലയിൽ കാവന്നൂർ ഗ്രാമപഞ്ചായത്തിലെ ഇളയൂർ, വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിലെ ചെമ്പ്രശ്ശേരി, തിരൂർ ബ്ലോക്ക് പഞ്ചായത്തിലെ പുറത്തൂർ, കോഴിക്കോട് ജില്ലയിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിലെ പുതിയോട്ടും കണ്ടി, പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് കൈതപ്പൊയിൽ, താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ പള്ളിപ്പുറം, കോട്ടൂർ ഗ്രാമപഞ്ചായത്തിലെ നരയംകുളം, വയനാട് ജില്ലയിൽ നെന്മേനി ഗ്രാമപഞ്ചായത്തിലെ മംഗലം, കണ്ണൂർ ജില്ലയിൽ കീഴല്ലൂർ ഗ്രാമപഞ്ചായത്തിലെ എളമ്പാറ, ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിലെ കാവുമ്പായി, കല്യാശ്ശേരി ഗ്രാമപഞ്ചായത്തിലെ വെള്ളാഞ്ചിറ എന്നീ വാർഡുകളിലെ വോട്ടർപട്ടികയാണ് ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി പുതുക്കുന്നത്.

*(എസ്.ഇ.സി.43/2018)*

## ബ്ലോക്ക്പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

ഇടുക്കി ജില്ലയിലെ അഴുത ബ്ലോക്ക് പഞ്ചായത്തംഗം സുധാകരൻ നീലാംബരനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ കൂറുമാറ്റ നിരോധനനിയമ പ്രകാരം അയോഗ്യനാക്കി.

നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2018 ഡിസംബർ 14 മുതൽ ആറ് വർഷത്തേക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിലെ ജെസി ജേക്കബ്ബിനെതിരെ 2017 ഒക്ടോബർ 19-ന് നടന്ന അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ ആർ.എസ്.പി അംഗമായ ഇയാൾ പാർട്ടി വിപ്പ് ലംഘിച്ച് എൽ.ഡി.എഫുമായി ചേർന്ന് അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തിരുന്നു. ഇതിനെതിരെ ബ്ലോക്ക് പഞ്ചായത്തംഗം ഷാജി പൈനാടത്ത് നൽകിയ ഹർജി പരിഗണിച്ചാണ് കമ്മീഷന്റെ നടപടി.

*എസ്.ഇ.സി.44/2018)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **12th December 2018** |


## തിരഞ്ഞെടുപ്പ് ജോലിയിൽ വീഴ്ച: അധ്യാപകനെതിരെ കേസ് ഫയൽ ചെയ്തു.

തദ്ദേശഭരണ ഉപതിരഞ്ഞെടുപ്പ് ജോലിയിൽ വീഴ്ച വരുത്തിയ പാലക്കാട്, കണ്ണാടി ഹൈസ്കൂളിലെ അധ്യാപകൻ കെ. പ്രജിത്തിനെതിരെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിയമനടപടി സ്വീകരിച്ചു.

പാലക്കാട് ജില്ലയിലെ കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലേക്ക് 2018 മേയ് 31-ന് നടന്ന ഉപതിരഞ്ഞെടുപ്പിൽ കോട്ടായി പോളിംഗ് സ്റ്റേഷനിൽ തിരഞ്ഞെടുപ്പ് ജോലികൾക്കായി ഇയാളെ പാലക്കാട് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിയമിച്ചിരുന്നു. എന്നാൽ ഉത്തരവ് ലഭിച്ചിട്ടും ഔദ്യോഗിക ചുമതലകൾ നിർവ്വഹിക്കുന്നതിൽ കൃത്യവിലോപം വരുത്തിയത് കേരള പഞ്ചായത്ത് രാജ് ആക്ട് 133-ാം വകുപ്പ് പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്.

നിയമ നടപടികളുടെ ഭാഗമായി ഇയാൾക്കെതിരെ പാലക്കാട് ജുഡീഷ്യൽ ഒന്നാംക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ 2444/2018-ാം നമ്പർ കേസ് കോടതി ഫയലിൽ സ്വീകരിച്ചു.

*(എസ്.ഇ.സി.42/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th November 2018

## ഉപതിരഞ്ഞെടുപ്പ് എൽ.ഡി.എഫ് 20 യു.ഡി.എഫ് 11 ബിജെപി 2 എസ്.ഡി.പി.ഐ 2 കേരളാ കോൺഗ്രസ് (എം) 1 സ്വതന്ത്രർ 3 സീറ്റുകൾ നേടി

സംസ്ഥാനത്തെ 39 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് 20 ഉം യു.ഡി.എഫ് 11 ഉം ബിജെപി 2 ഉം എസ്.ഡി.പി.ഐ 2 ഉം കേരളാ കോൺഗ്രസ് (എം) 1 ഉം സ്വതന്ത്രർ 3 ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

എൽ.ഡി.എഫ് വിജയിച്ച വാർഡ് സ്ഥാനാർത്ഥി, ഭൂരിപക്ഷം എന്ന ക്രമത്തിൽ തിരുവനന്തപുരം - അതിയന്നൂർ ഗ്രാമപഞ്ചായത്ത് - 12 നെല്ലിമൂട് - ചന്ദ്രിക. എൽ - 91, ആലപ്പുഴ - അമ്പലപ്പുഴ തെക്ക് - 06 കരുമാടി പടിഞ്ഞാറ് - ജിത്തു കൃഷ്ണൻ - 176, എറണാകുളം - തൃപ്പൂണ്ണിത്തുറ മുനിസിപ്പാലിറ്റി - 49.മാരംകുളങ്ങര - കെ. ജെ. ജോഷി - 450, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് - 22 ചെറിയാപ്പിള്ളി - ആശ സിന്തിൽ - 32, വടക്കേക്കര - 09.മടപ്ലാത്തുരുത്ത് കിഴക്ക് - റ്റി.എ. ജോസ് - 181, എളങ്കുന്നപ്പുഴ - 22 പഞ്ചായത്ത് വാർഡ് - സമ്പത്ത് കുമാർ വി.കെ - 47, പറവൂർ ബ്ലോക്ക് പഞ്ചായത്ത് - 13 വാവക്കാട് - രജിതാ ശങ്കർ - 821, തൃശൂർ - ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റി - 02.ബംഗ്ലാവ് - കെ.എം. കൃഷ്ണകുമാർ - 85, കടവല്ലൂർ ഗ്രാമ പഞ്ചായത്ത് - 05.കോടത്തുംകുണ്ട് - കെ.വി.രാജൻ - 149, ചേലക്കര ഗ്രാമപഞ്ചായത്ത് - 02.വെങ്ങാനെല്ലൂർ നോർത്ത് - ഗിരീഷ് (മണി) പറങ്ങോടത്ത് - 121, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് - 14.യത്തീംഖാന - പി. നിർമ്മലാദേവി - 343, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് - 02.പറപ്പൂക്കര പള്ളം - പി. ജെ. സിബി - 161, പാലക്കാട് - പുതുപ്പരിയാരം ഗ്രാമപഞ്ചായത്ത് - 21 കൊളക്കണ്ടാംപറ്റ - ഷിമൽകുമാർ. റ്റി.എം - 614, തൃത്താല ബ്ലോക്ക് പഞ്ചായത്ത് - 10, കോതച്ചിറ - ഉഷ - 2373, മലപ്പുറം - വട്ടംകുളം ഗ്രാമപഞ്ചായത്ത് - 19 മേൽമുറി - കെ. വി. കുമാരൻ - 61, കോഴിക്കോട് - പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് - 04. പാലേരി - കിഴക്കയിൽ ബാലൻ - 1192, കണ്ണൂർ - പന്ന്യന്നൂർ ഗ്രാമപഞ്ചായത്ത് - 06.കോട്ടക്കുന്ന് - അഡ്വ. സുലേഖ ഷംസുദ്ദീൻ - 229, കണ്ണൂർ - കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് - 13 വൻകുളത്ത് വയൽ - പി. പ്രസീത - 1717, കാസർഗോഡ് - ബേഡഡുക്ക ഗ്രാമപഞ്ചായത്ത് - 05.ബീമ്പുങ്കാൽ - സി.എം. വിജയകുമാർ - 543, കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് - 05 ചെറിയാക്കര - പി. ഇന്ദിര - 300.

യു.ഡി.എഫ് വിജയിച്ചവ തിരുവനന്തപുരം - മുനിസിപ്പൽ കോർപ്പറേഷൻ - 12 കിണവൂർ - ശീലാസ് - 733, ബാലരാമപുരം ഗ്രാമപഞ്ചായത്ത് - 12 പാലച്ചകോണം - രാജൻ.ജെ -233, കൊല്ലം - വിളക്കുടി ഗ്രാമപഞ്ചായത്ത് - 1 കുന്നിക്കോട്വടക്ക് - ലീനാ റാണി - 146, ആലപ്പുഴ - തകഴി ഗ്രാമപഞ്ചായത്ത് - 11 കുന്നുമ്മ - ഗീതാഞ്ജലി - 19, ഇടുക്കി - അടിമാലിഗ്രാമ പഞ്ചായത്ത് - 09. തലമാലി - മഞ്ചു ബിജു - 144, കൊന്നത്തടി - 04. മുനിയറ - ബിനോയ് മാത്യു - 194, മലപ്പുറം - വളാഞ്ചേരി മുനിസിപ്പാലിറ്റി - 28. മീമ്പാറ - ഫാത്തിമ നസിയ - 55, മലപ്പുറം - കൊണ്ടോട്ടി ബ്ലോക്ക്പഞ്ചായത്ത് - 15 ഐക്കരപ്പടി - ഫൈസൽ കൊല്ലോളി - 1354, വയനാട് - സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി - 08 കരുവള്ളിക്കുന്ന് - റിനു ജോൺ - 51, കണ്ണൂർ - നടുവിൽ ഗ്രാമപഞ്ചായത്ത് - 16. അറയ്ക്കൽ താഴെ - കെ. മുഹമ്മദ് കുഞ്ഞി - 594, ന്യൂമാഹി - 12.ചവോക്കുന്ന് - സി. കെ. മഹറൂഫ് - 50.

ബി.ജെ.പി വിജയിച്ചവ ആലപ്പുഴ - തകഴി - വേഴപ്രം - വാസുദേവൻ - 40, കാവാലം - വടക്കൻവെളിയനാട് - അജിത - 46.

എസ്.ഡി.പി.ഐ വിജയിച്ചവ പത്തനംതിട്ട -പന്തളം മുനിസിപ്പാലിറ്റി - 10. കടയ്ക്കാട് - ഹസീന.എം.ആർ - 9, ആലപ്പുഴ - പുന്നപ്ര തെക്ക് - 10 പവർഹൗസ് - സീനത്ത് - 132.

കേരള കോൺഗ്രസ് വിജയിച്ചത് കോട്ടയം - രാമപുരം ഗ്രാമ പഞ്ചായത്ത് - 18 അമനകര - ബെന്നി അബ്രഹാം - 129,

സ്വതന്ത്രർ വിജയിച്ചവ പത്തനംതിട്ട - പത്തനംതിട്ട മുനിസിപ്പാലിറ്റി - 13.കുലശേഖരപതി - അൻസർ മുഹമ്മദ് - 251, ഇടുക്കി - കുടയത്തൂർ ഗ്രാമപഞ്ചായത്ത് - 02.കൈപ്പ - ശശി.പി.കെ - 56, മലപ്പുറം - അമരമ്പലം ഗ്രാമപഞ്ചായത്ത് - 02 ഉപ്പുവള്ളി - അനിത രാജു - 146.

നെല്ലിമൂട്, മാരാംകുളങ്ങര, ചെറിയാപ്പിള്ളി, മടപ്ലാത്തുരുത്ത് കിഴക്ക്, എന്നീ വാർഡുകൾ യു.ഡി.എഫിൽ നിന്നും പറപ്പൂക്കര പള്ളം ബിജെപിയിൽ നിന്നും എൽ.ഡി.എഫ് പിടിച്ചെടുത്തപ്പോൾ കുന്നിക്കോട് വടക്ക്, മുനിയറ, കരുവള്ളിക്കുന്ന് വാർഡുകൾ എൽ.ഡി.എഫിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തു.

വേഴപ്രം യു.ഡി.എഫിൽ നിന്നും വടക്കൻ വെളിയനാട് ജനതാദൾ (യു)വിൽ നിന്നും ബിജെപി പിടിച്ചെടുത്തപ്പോൾ എൽ.ഡി.എഫിൽ നിന്ന് കടയ്ക്കാട് വാർഡ് എസ്.ഡി.പി.ഐയും പിടിച്ചെടുത്തു. അമനകര സ്വതന്ത്രനിൽ നിന്ന് കേരള കോൺഗ്രസ് (എം)ഉം നേടി.

കുരശേഖരപതി, കൈപ്പ വാർഡുകൾ എൽ.ഡി.എഫിൽ നിന്നും ഉപ്പുവള്ളി യു.ഡി.എഫിൽ നിന്നും സ്വതന്ത്രർ പിടിച്ചെടുക്കുകയായിരുന്നു.

എൽഡിഎഫ് 21, യുഡിഎഫ് 14, എസ്ഡിപിഐ 1, ബിജെപി 1, ജനതാദൾ(യു) 1, സ്വതന്ത്രൻ 1 എന്നിങ്ങനെയായിരുന്നു നിലവിലെ കക്ഷിനില.

*(എസ്.ഇ.സി.41/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**29th November 2018**

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പിൽ 79 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 14 ജില്ലകളിലെ 39 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് നടന്ന ഉപതിരഞ്ഞെടുപ്പിൽ 79 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ 27 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലും, പത്തനംതിട്ട ജില്ലയിലെ രണ്ട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട് ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലും തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. വോട്ടെണ്ണൽ നാളെ രാവിലെ 10-ന് ആരംഭിക്കും.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ വാർഡായ കിണവൂർ(55.22), അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട്(84.69), ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം(78.72), കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക്(71.84), പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട്(76.86), പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി(73.35), ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ്(83.42), പുന്നപ്ര തെക്കിലെ പവർഹൗസ്(86.58), തകഴിയിലെ വേഴപ്രം(75.12), കുന്നുമ്മ(81.20), കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട്(88.09), കോട്ടയം രാമപുരത്തെ അമനകര(78.67), ഇടുക്കി അടിമാലിയിലെ തലമാലി(72.95), കൂടയത്തൂരിലെ കൈപ്പ(81.10), കൊന്നത്തടിയിലെ മുനിയറ നോർത്ത്(73.19), എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരാംകുളങ്ങര(82), വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരുത്ത്കിഴക്ക്(80.51), കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ചെറിയപിള്ളി(87.86), എളങ്കുന്നപ്പുഴയിലെ പഞ്ചായത്ത് വാർഡ്(69.01), പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട്(72.71), തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്(83.34), ചേലക്കരയിലെ വെങ്ങാനെല്ലൂർ നോർത്ത്(79.89), വള്ളത്തോൾ നഗറിലെ യത്തീംഖാന(85.14), പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം(85.64), ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്(73.98), പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ(82.95), തൃത്താല ബ്ലോക്കിലെ കോതച്ചിറ(67.69), മലപ്പുറത്തെ അമരമ്പലത്തെ ഉപ്പുവള്ളി(86.08), വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ(81.35), വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി(87.23), കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി(68.49), കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി(75.96), വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്(91.86), കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ അറയക്കൽ താഴെ(81.91), ന്യൂമാഹിയിലെ ചവോക്കുന്ന്(78.98), പന്ന്യന്നൂരിലെ കോട്ടക്കുന്ന്(81.49), കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ(70.50), കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ(82.50), കയ്യൂർ ചീമേനിയിലെ ചെറിയാക്കര(81.71) ശതമാനവുമാണ് പോളിംഗ്.

*(എസ്.ഇ.സി.40/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**27th November 2018**

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് നാളെ (29-ന്)

## 139 പേർ ജനവിധി തേടുന്നു

സംസ്ഥാനത്തെ 14 ജില്ലകളിലെ 39 തദ്ദേശസ്വയംഭരണ വാർഡുകളിൽ നാളെ (29-ന്) നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ 139 പേർ ജനവിധി തേടും.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ 27 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലും, പത്തനംതിട്ട ജില്ലയിലെ രണ്ട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട് ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലും തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിലുമാണ് നാളെ (29-ന്) ഉപതിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 30-ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ വാർഡായ കിണവൂർ(3), അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട്(3), ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം(3), കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക്(2), പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട്(6), പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി(5), ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ്(3), പുന്നപ്ര തെക്കിലെ പവർഹൗസ്(4), തകഴിയിലെ വേഴപ്രം(4), കുന്നുമ്മ(3), കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട്(3), കോട്ടയം രാമപുരത്തെ അമനകര(5), ഇടുക്കി അടിമാലിയിലെ തലമാലി(4), കൂടയത്തൂരിലെ കൈപ്പ(3), കൊന്നത്തടിയിലെ മുനിയറ നോർത്ത്(4), എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരാംകുളങ്ങര(4), വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരുത്ത്കിഴക്ക്(3), കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ചെറിയപിള്ളി(3), എളങ്കുന്നപ്പുഴയിലെ പഞ്ചായത്ത് വാർഡ്(6), പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട്(3), തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്(4), ചേലക്കരയിലെ വെങ്ങാനെല്ലൂർ നോർത്ത്(4), വള്ളത്തോൾ നഗറിലെ യത്തീംഖാന(3), പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം(3), ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്(3), പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ(3), തൃത്താല ബ്ലോക്കിലെ കോതച്ചിറ(3), മലപ്പുറത്തെ അമരമ്പലത്തെ ഉപ്പുവള്ളി(3), വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ(4), വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി(4), കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി(5), കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി(4), വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്(3), കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ അറയക്കൽ താഴെ(3), ന്യൂമാഹിയിലെ ചാവേക്കുന്ന്(3), പന്ന്യന്നൂരിലെ കോട്ടക്കുന്ന്(6), കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ(2), കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ(3), കയ്യൂർ ചീമേനിയിലെ ചെറിയാക്കര(2) എന്ന ക്രമത്തിൽ 139 സ്ഥാനാർത്ഥികളാണ് നാളെ നടക്കുന്ന ഉപതിരഞ്ഞെടുപ്പിൽ മത്സരരംഗത്തുള്ളത്.

*(എസ്.ഇ.സി.39/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**16th November 2018**

## ബ്ലോക്ക്പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധനനിയമ പ്രകാരം കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തംഗം അന്നമ്മ രാജുവിനെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അയോഗ്യയാക്കി.

നിലവിൽ ബ്ലോക്ക് പഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2018 നവംബർ 16 മുതൽ ആറ് വർഷത്തേക്കാണ് വിലക്ക്.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിനെതിരെ 2017 ഏപ്രിൽ 12-ന് നടന്ന അവിശ്വാസ പ്രമേയ വോട്ടെടുപ്പിൽ കേരള കോൺഗ്രസ്(എം) അംഗമായ ഇവർ പാർട്ടി വിപ്പ് ലംഘിച്ച് അവിശ്വാസ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്യുകയും തുടർന്ന് 2017 മേയ് 9-ന് നടന്ന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി വിപ്പ് ലംഘിച്ച് മത്സരിക്കുകയും ചെയ്തിരുന്നു.

ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് കേരള കോൺഗ്രസ്(എം) -ന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ബ്ലോക്ക് പഞ്ചായത്തംഗം ലൗസമ്മ ജെയിംസിന്റെ ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവരെ അയോഗ്യയാക്കിയത്.

*(എസ്.ഇ.സി.38/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**5th November 2018**

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനമായി

സംസ്ഥാനത്തെ 14 ജില്ലകളിലെ 39 തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ 27 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലും, പത്തനംതിട്ട ജില്ലയിലെ രണ്ട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട് ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലും തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിലുമാണ് നവംബർ 29-ന് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റചട്ടം ഈ മാസം ഒന്നിന് നിലവിൽ വന്നു. നാമനിർദ്ദേശ പത്രിക 12 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 13-ന് നടക്കും സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം 15 ആണ്. വോട്ടെടുപ്പ് നവംബർ 29-ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 30-ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ വാർഡായ കിണവൂർ, അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട്, ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം, കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക്, പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട്, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി, ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ്, പുന്നപ്ര തെക്കിലെ പവർഹൗസ്, തകഴിയിലെ വേഴപ്രം, കുന്നുമ്മ, കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട്, കോട്ടയം രാമപുരത്തെ അമനകര, ഇടുക്കി അടിമാലിയിലെ തലമാലി, കൂടയത്തൂരിലെ കൈപ്പ, കൊന്നത്തടിയിലെ മുനിയറ നോർത്ത്, എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരംകുളങ്ങര, വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരുത്ത് കിഴക്ക്, കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ചെറിയപിള്ളി, എളങ്കുന്നപ്പുഴയിലെ പഞ്ചായത്ത് വാർഡ്, പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട്, തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്, ചേലക്കരയിലെ വെങ്ങാനെല്ലൂർ നോർത്ത്, വള്ളത്തോൾ നഗറിലെ യത്തീംഖാന, പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്, പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ, തൃത്താല ബ്ലോക്കിലെ കോതച്ചിറ, മലപ്പുറം അമരമ്പലത്തെ ഉപ്പുവള്ളി, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ, വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി, കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി, വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്, കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ അറയക്ക്ൽ താഴെ, ന്യൂമാഹിയിലെ ചാവോക്കുന്ന്, പന്ന്യന്നൂരിലെ കോട്ടക്കുന്ന്, കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ, കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ, കയ്യൂർ ചീമേനിയിലെ ചെറിയാക്കര എന്നീ വാർഡുകളിലാണ് നവംബർ 29-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.37/2018)*

.

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**1st November 2018**

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് നവംബർ 29-ന്

സംസ്ഥാനത്തെ 14 ജില്ലകളിലെ 39 തദ്ദേശസ്വയംഭരണ വാർഡുകളിൽ നവംബർ 29-ന് ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ 27 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലും, പത്തനംതിട്ട ജില്ലയിലെ രണ്ട്, എറണാകുളം, തൃശ്ശൂർ, മലപ്പുറം, വയനാട് ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലും തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിലുമാണ് നവംബർ 29-ന് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റചട്ടം നിലവിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 5-ന് പുറപ്പെടുവിക്കും, നാമനിർദ്ദേശ പത്രിക 12 വരെ സമർപ്പിക്കാം. സൂക്ഷമപരിശോധന 13-ന് നടക്കും.സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന ദിവസം 15 ആണ്. വോട്ടെടുപ്പ് നവംബർ 29-ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 30-ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ വാർഡായ കിണവൂർ, അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട്, ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം, കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക്, പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട്, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി, ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ്, പുന്നപ്ര തെക്കിലെ പവർഹൗസ്, തകഴിയിലെ വേഴപ്രം, കുന്നുമ്മ, കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട്, കോട്ടയം രാമപുരത്തെ അമനകര, ഇടുക്കി അടിമാലിയിലെ തലമാലി, കൂടയത്തൂരിലെ കൈപ്പ, കൊന്നത്തടിയിലെ മുനിയറ, എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരാംകുളങ്ങര, വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരുത്ത് കിഴക്ക്, കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ചെറിയപിള്ളി, എളങ്കുന്നപ്പുഴയിലെ പഞ്ചായത്ത് വാർഡ്, പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട്, തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്, ചേലക്കരയിലെ വെങ്ങാനെല്ലൂർ കിഴക്കുമുറി, വള്ളത്തോൾ നഗറിലെ യത്തീംഖാന, പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്, പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ, തൃത്താല ബ്ലോക്കിലെ കോതച്ചിറ, മലപ്പുറത്തെ അമരമ്പലത്തെ ഉപ്പുവള്ളി, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ, വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി, കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി, വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്, കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ അറയക്കൽ താഴെ, ന്യൂമാഹിയിലെ ചാവേക്കുന്ന്, പന്ന്യന്നൂരിലെ കോട്ടക്കുന്ന്, കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ, കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ, കയ്യൂർ ചീമേനിയിലെ ചെറിയാക്കര എന്നീ വാർഡുകളിലാണ് നവംബർ 29-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.36/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th October 2018

## ഉപതിരഞ്ഞെടുപ്പ് : അന്തിമ വോട്ടർപട്ടിക അപേക്ഷകൾ നവംബർ 1 വരെ നൽകാം

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടിക സംബന്ധിച്ച ആപേക്ഷകൾ നവംബർ ഒന്ന് വരെ നൽകാം. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും, പുതുതായി പേര് ഉൾപ്പെടുത്തുന്നതിനും അവസരമുണ്ടാകും.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ വാർഡായ കിണവൂർ, അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട്, ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം, കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക്, പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട്, പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി, ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ്, പുന്നപ്ര തെക്കിലെ പവർഹൗസ്, തകഴിയിലെ വേഴപ്രം, കുന്നുമ്മ, കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട്, കോട്ടയം രാമപുരത്തെ അമനകര, ഇടുക്കി അടിമാലിയിലെ തലമാലി, കൂടയത്തൂരിലെ കൈപ്പ, കൊന്നത്തടിയിലെ മുനിയറ, എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരാംകുളങ്ങര, വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരുത്ത് കിഴക്ക്, കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ ചെറിയപിള്ളി, എളങ്കുന്നപ്പുഴയിലെ പഞ്ചായത്ത് വാർഡ്, പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട്, തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്, ചേലക്കരയിലെ വെങ്ങാനെല്ലൂർ കിഴക്കുമുറി, വള്ളത്തോൾ നഗറിലെ യത്തീംഖാന, പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്, പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ, തൃത്താല ബ്ലോക്കിലെ കോതച്ചിറ, മലപ്പുറത്തെ അമരമ്പലത്തെ ഉപ്പുവള്ളി, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ, വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി, കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി, വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്, കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ അറയക്കൽ താഴെ, ന്യൂമാഹിയിലെ ചാവേക്കുന്ന്, പന്ന്യന്നൂരിലെ കോട്ടക്കുന്ന്, കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ, കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ, കയ്യൂർ ചീമേനിയിലെ ചെറിയാക്കര എന്നീ വാർഡുകളിലെ വോട്ടർപട്ടിക സംബന്ധിച്ച ആക്ഷേപങ്ങളും അപേക്ഷകളുമാണ് നവംബർ ഒന്ന് വരെ സ്വീകരിക്കുക.

*(എസ്.ഇ.സി.35/2018)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 12th October 2018 |

## ഉപതിരഞ്ഞെടുപ്പ് : എൽഡിഎഫ് 12 യുഡിഎഫ് 6 : ബിജെപിയും സ്വതന്ത്രനും ഓരോ സീറ്റുകൾ നേടി

സംസ്ഥാനത്തെ 20 തദ്ദേശസ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 12-ഉം യു.ഡി.എഫ് 6-ഉം ബി.ജെ.പിയും സ്വതന്ത്രനും ഓരോ സീറ്റു വീതവും നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്, കണ്ണൂർ ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം എന്ന ക്രമത്തിൽ തിരുവനന്തപുരം - നന്ദിയോട് - മീൻമുട്ടി - ആർ. പുഷ്പൻ - 106, കൊല്ലം - ശാസ്താംകോട്ട - ഭരണിക്കാവ് - ബിന്ദു ഗോപാലകൃഷ്ണൻ - 199, ശൂരനാട് തെക്ക് - തൃക്കുന്നപ്പുഴ വടക്ക് - വി. ശശീന്ദ്രൻ പിള്ള - 232, ഇടുക്കി - വണ്ടിപ്പെരിയാർ - ഇഞ്ചിക്കാട് - സുഗന്ധി പി. പി - 154, എറണാകുളം - പോത്താനിക്കാട് - തൃക്കേപ്പടി - ഗീത ശശികുമാർ - 28, പാലക്കാട് - കിഴക്കഞ്ചേരി - ഇളങ്കാവ് - എൻ. രാമകൃഷ്ണൻ - 213, കോഴിക്കോട് - ആയഞ്ചേരി - പൊയിൽപാറ - സുനിത മലയിൽ - 226, മാങ്ങാട്ടിടം - കൈതേരി 12-ാം മൈൽ - കാഞ്ഞാൻ ബാലൻ - 305, കണ്ണപുരം - കയറ്റീൽ - ദാമോദരൻ പി. വി - 265, കണ്ണൂർ എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ കൊളച്ചേരി - കെ. അനിൽകുമാർ - 35, വയനാട് സുൽത്താൻ ബത്തേരി നഗരസഭയിലെ മന്ദംകൊല്ലി - ഷേർളി കൃഷ്ണൻ - 150, കണ്ണൂർ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം - കെ.എൻ. അനീഷ് - 475.

യു.ഡി.എഫ് വിജയിച്ചവ കൊല്ലം - ഉമ്മന്നൂർ - കമ്പംകോട് - ഇ. കെ. അനീഷ് - 98, ഇടുക്കി - നെടുങ്കണ്ടം - നെടുങ്കണ്ടം കിഴക്ക് - ബിന്ദു ബിജു - 286, എറണാകുളം - മഴുവന്നൂർ - ചീനിക്കുഴി - ബേസിൽ കെ. ജോർജ്ജ് - 297, തൃശ്ശൂർ - കയ്പമംഗലം - തായ്നഗർ - ഞാൻസി (ജാൻസി) - 65, പാലക്കാട് - തിരുവേഗപ്പുറ - ആമപ്പൊറ്റ - ബദറുദ്ദീൻ വി. കെ - 230, മലപ്പുറം താനൂർ ബ്ലോക്ക്പഞ്ചായത്തിലെ തൂവ്വക്കാട് - പി. സി. അഷ്റഫ് - 282.

തിരുവനന്തപുരം നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ വാർഡിൽ ബി.ജെ.പി സ്ഥാനാർത്ഥി യമുന ബിജു 34 വോട്ടിന്റെയും ഇടുക്കി വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ വെള്ളിമല വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥി അജോ വർഗ്ഗീസ് 20 വോട്ടിന്റെയും ഭൂരിപക്ഷത്തിൽ വിജയിച്ചു.

തൃക്കുന്നപ്പുഴ വടക്ക്, കൊളച്ചേരി വാർഡുകൾ യു.ഡി.എഫിൽ നിന്നും എൽ.ഡി.എഫ് പിടിച്ചെടുത്തപ്പോൾ കമ്പംകോട്, തായ്നഗർ വാർഡുകൾ എൽ.ഡി.എഫിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തു.

യു.ഡി.എഫിൽ നിന്ന് നാവായ്കുളം 28-ാം മൈൽ ബി.ജെ.പിയും ഇടുക്കി വണ്ടൻമേട് വെള്ളിമല സ്വതന്ത്രനും പിടിച്ചെടുത്തു. എൽ.ഡി.എഫ് 11, യു.ഡി.എഫ് 7, സ്വതന്ത്രർ 2 എന്നിങ്ങനെയായിരുന്നു നിലവിലെ സീറ്റ് നില.

*(എസ്.ഇ.സി.34/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

11th October 2018

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പിൽ 79 ശതമാനം പോളിംഗ്

സംസ്ഥാനത്തെ 20 തദ്ദേശസ്വയംഭരണ വാർഡുകളിലേക്ക് ഇന്നലെ (ഒക്ടോബർ 11-ന്) നടന്ന തിരഞ്ഞെടുപ്പിൽ 79 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്, കണ്ണൂർ ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്. നാളെ രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും

തിരുവനന്തപുരം നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി(80.15), നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ(77.29), കൊല്ലം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ്(77.04), ശൂരനാട് തെക്കിലെ തൃക്കുന്നപ്പുഴ വടക്ക്(82.68), ഉമ്മന്നൂരിലെ കമ്പംകോട്(75.07), ഇടുക്കി വണ്ടിപ്പെരിയാറിലെ ഇഞ്ചിക്കാട്(73.48), നെടുങ്കണ്ടത്തെ നെടുങ്കണ്ടം കിഴക്ക്(75.77), വണ്ടൻമേടിലെ വെള്ളിമല(76.62), എറണാകുളം മഴുവന്നൂരിലെ ചീനിക്കുഴി(91.22), പോത്താനിക്കാട്ടെ തൃക്കേപ്പടി(80.41), തൃശ്ശൂർ കയ്പമംഗലത്തെ തായ്നഗർ(83.18), പാലക്കാട് കിഴക്കഞ്ചേരിയലെ ഇളങ്കാവ്(80.9), തിരുവേഗപ്പുറയിലെ ആമപ്പൊറ്റ(82.26), കോഴിക്കോട് ആയഞ്ചേരിയിലെ പൊയിൽപാറ(78.02), കണ്ണൂർ മാങ്ങാട്ടിടത്തെ കൈതേരി 12-ാം മൈൽ(74.8), കണ്ണപുരത്തെ കയറ്റീൽ (76.71) ആണ് ഗ്രാമ പഞ്ചായത്ത് വാർഡുകളിലെ വോട്ടിംഗ് ശതമാനം. മലപ്പുറം താനൂർ ബ്ലോക്ക് പഞ്ചായത്തിലെ തൂവ്വക്കാട്(71.55), കണ്ണൂർ എടക്കാട് ബ്ലോക്കിലെ കൊളച്ചേരി(68.69) ആണ് ബ്ലോക്ക്പഞ്ചായത്ത് വാർഡുകളിലെ വോട്ടിംഗ് ശതമാനം. വയനാട് സുൽത്താൻബത്തേരി നഗരസഭയിൽ മന്ദംകൊല്ലി(93.2), കണ്ണൂർ തലശ്ശേരി നഗരസഭയിൽ കാവുംഭാഗം(75.35) ശതമാനവുമാണ് വോട്ടിംഗ്.

*(എസ്.ഇ.സി.33/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

9th October 2018

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് നാളെ (11-ന്) ജനവിധിതേടുന്നത് 63 സ്ഥാനാർത്ഥികൾ

സംസ്ഥാനത്തെ പത്ത് ജില്ലകളിലെ 20 തദ്ദേശസ്വയംഭരണ വാർഡുകളിൽ നാളെ (ഒക്ടോബർ 11)-ന് ഉപതിരഞ്ഞെടുപ്പ് നടക്കും. 63 സ്ഥാനാർത്ഥികളാണ് 20 വാർഡുകളിലായി ജനവിധി തേടുന്നത്. ഉപതിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്, കണ്ണൂർ ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5 മണിക്ക് അവസാനിക്കും. 12 ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻകാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പിന് ആറു മാസത്തിന് മുമ്പ് നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

തിരുവനന്തപുരം നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി(3), നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ(3), കൊല്ലം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ്(3), ശൂരനാട് തെക്കിലെ തൃക്കുന്നപ്പുഴ വടക്ക്(3), ഉമ്മന്നൂരിലെ കമ്പംകോട്(3), ഇടുക്കി വണ്ടിപ്പെരിയാറിലെ ഇഞ്ചിക്കാട്(3), നെടുങ്കണ്ടത്തെ നെടുങ്കണ്ടം കിഴക്ക്(2), വണ്ടൻമേടിലെ വെള്ളിമല(4), എറണാകുളം മഴുവന്നൂരിലെ ചീനിക്കുഴി(3), പോത്താനിക്കാട്ടെ തൃക്കേപ്പടി(2), തൃശ്ശൂർ കയ്പമംഗലത്തെ തായ്നഗർ(4), പാലക്കാട് കിഴക്കഞ്ചേരിയലെ ഇളങ്കാവ്(3), തിരുവേഗപ്പുറയിലെ ആമപ്പൊറ്റ(4), കോഴിക്കോട് ആയഞ്ചേരിയിലെ പൊയിൽപാറ(3), കണ്ണൂർ മാങ്ങാട്ടിടത്തെ കൈതേരി 12-ാം മൈൽ(3), കണ്ണപുരത്തെ കയറ്റീൽ (3) എന്നീ ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം താനൂർ ബ്ലോക്ക് പഞ്ചായത്തിലെ തൂവ്വക്കാട്(5), കണ്ണൂർ എടക്കാട് ബ്ലോക്കിലെ കൊളച്ചേരി(3) എന്നീ വാർഡുകളിലും വയനാട് സുൽത്താൻബത്തേരി നഗരസഭയിലെ മന്ദംകൊല്ലി(3), കണ്ണൂർ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം(3) എന്നീ വാർഡുകളിലായിട്ടാണ് 63 സ്ഥാനാർത്ഥികൾ ജനവിധി തേടുന്നത്.

*(എസ്.ഇ.സി.32/2018)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 29th September 2018 |

## സംസ്ഥാനത്തെ 35 തദ്ദേശ വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കുന്നു

ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനത്തെ 14 ജില്ലകളിലെ 35 തദ്ദേശസ്വയംഭരണ വാർഡുകളിൽ വോട്ടർ പട്ടിക പുതുക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ 24 ഗ്രാമ പഞ്ചായത്ത് വാർഡുകളിലെയും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലെയും പത്തനംതിട്ട ജില്ലയിലെ രണ്ട് നഗരസഭാ വാർഡുകളിലെയും, എറണാകുളം, തൃശൂർ, വയനാട്, മലപ്പുറം ജില്ലകളിൽ ഓരോ നഗരസഭാ വാർഡിലെയും, തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു വാർഡിലെയും വോട്ടർ പട്ടികയാണ് പുതുക്കുന്നത്.

ഈ വാർഡുകളിലെ കരട് വോട്ടർ പട്ടിക ഒക്ടോബർ ഒന്നിന് (നാളെ) പ്രസിദ്ധീകരിക്കും അവകാശ വാദങ്ങളും ആക്ഷേപങ്ങളും ഒക്ടോബർ 15 വരെ ഓൺലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് ഫാറം 4. ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് ഫാറം 6, പോളിംഗ് സ്റ്റേഷൻ/ വാർഡ് സ്ഥാനമാറ്റം, ഫാറം 7 എന്നിവയാണ് ഓൺലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് ഫാറം 5 ൽ നേരിട്ടോ രജിസ്ട്രേഡ് തപാലിലൂടെയോ അപേക്ഷിക്കണം.

അവകാശ വാദങ്ങളും ആക്ഷേപങ്ങളും തീർപ്പ് കൽപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 25 ആണ്. അന്തിമ വോട്ടർ പട്ടിക 27 ന് പ്രസിദ്ധീകരിക്കും വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിന് മുമ്പോ അപേക്ഷകർക്ക് 18 വയസ്സ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത്, നഗരസഭാ ഓഫീസിലും, വില്ലേജ്, താലൂക്ക് ഓഫീസുകളിലും പ്രസിദ്ധീകരിക്കും. നിലവിലെ പട്ടിക കമ്മീഷന്റെ www.lsgelection.kerala.gov.in ൽ ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ കോർപ്പറേഷൻ  വാർഡായ കിണവൂർ വാർഡിലെയും അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ നെല്ലിമൂട് വാർഡിലെയും , ബാലരാമപുരം ഗ്രാമ പഞ്ചായത്തിലെ പാലച്ചകോണം വാർഡിലെയും വോട്ടർ പട്ടികയാണ്  പുതുക്കുന്നത്.

കൊല്ലത്ത് വിളക്കുടി ഗ്രാമ പഞ്ചായത്തിലെ കുന്നിക്കോട് വടക്ക് വാർഡ്, പത്തനംതിട്ട ജില്ലയിൽ പന്തളം മുനിസിപ്പാലിറ്റിയിലെ കടയ്ക്കാട് വാർഡ്, പത്തനംതിട്ട  മുനിസിപ്പാലിറ്റിയിലെ കുലശേഖരപതി വാർഡ്, ആലപ്പുഴയിൽ അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിലെ കരുമാടി പടിഞ്ഞാറ് പുന്നപ്ര തെക്കിലെ പവർഹൗസ് വാർഡ് തകഴിയിലെ  വേഴപ്രം, കുന്നുമ്മ, കാവാലം ഗ്രാമ പഞ്ചായത്തിലെ വടക്കൻ വെളിയനാട് കോട്ടയം രാമപുരത്തെ അമനകര വാർഡ് ഇടുക്കി  അടിമാലിയിലെ തലമാലി, കൂടയത്തൂരിലെ കൈപ്പ, എറണാകുളത്ത് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലെ മാരാംകുളങ്ങര, വടക്കേക്കര ഗ്രാമ പഞ്ചായത്തിലെ മടപ്ലാത്തുരത്ത് കിഴക്ക്, തൃശൂർ കടവല്ലൂരിലെ കോടത്തുംകുണ്ട്, ചേലക്കരയിലെ വെങ്ങാനെല്ലൂർ കിഴക്കുമുറി, വള്ളത്തോൾ നഗറിലെ യത്തീംഖാന, പറപ്പൂക്കരയിലെ പറപ്പൂക്കര പള്ളം, ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലെ ബംഗ്ലാവ്, പാലക്കാട് പുതുപ്പരിയാരത്തെ കൊളക്കണ്ടാംപറ്റ, തൃത്താല ബ്ലോക്കിലെ കോതച്ചിറ, മലപ്പുറത്തെ അമരമ്പലത്തെ ഉപ്പുവള്ളി, വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ മീമ്പാറ

വട്ടംകുളം ഗ്രാമ പഞ്ചായത്തിലെ മേൽമുറി, കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിലെ ഐക്കരപ്പടി കോഴിക്കോട് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ പാലേരി വയനാട് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കരുവള്ളിക്കുന്ന്, കണ്ണൂർ നടുവിൽ ഗ്രാമ പഞ്ചായത്തിലെ  അറയക്കൽ താഴെ, ന്യൂമാഹിയിലെ ചാവേക്കുന്ന് പന്ന്യന്നൂരിലെ കോട്ടക്കുന്ന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിലെ വൻകുളത്ത് വയൽ, കാസർഗോഡ് ബേഡഡുക്കയിലെ ബീമ്പുങ്കാൽ, കയ്യൂർ ചീമേനിയിലെ ചെറിയാക്കര എന്നീ വാർഡുകളിലെയും വോട്ടർപട്ടികയാണ് ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി പുതുക്കുന്നത്.

*(എസ്.ഇ.സി.31/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th September 2018

## ബ്ലോക്ക്പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

കൂറുമാറ്റ നിരോധനനിയമ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തംഗം എ. ഷാനിബ ബീഗത്തെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അയോഗ്യയാക്കി.

നിലവിൽ ബ്ലോക്ക്പഞ്ചായത്ത് അംഗമായി തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2018 സെപ്റ്റംബർ 28 മുതൽ ആറ് വർഷത്തേയ്ക്കാണ് വിലക്ക്.

പോത്തൻകോട് ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് 2017 ഒക്ടോബർ 30ന് നടന്ന തിരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗമായ ഇവർ പാർട്ടി വിപ്പ് ലംഘിച്ച് ഔദ്യോഗിക സ്ഥാനാർത്ഥിക്ക് എതിരെ മത്സരിക്കുകയും എൽ.ഡി.എഫ് പിന്തുണയോടെ വിജയിക്കുകയും ചെയ്തിരുന്നു.

ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തേക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ച ബ്ലോക്ക് പഞ്ചായത്തംഗം വസന്തകുമാരിയുടെ ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവരെ അയോഗ്യയാക്കിയത്.

*(എസ്.ഇ.സി.30/2018)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 15th September 2018 |

# തദ്ദേശസ്വയംഭരണ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് : വിജ്ഞാപനമായി

സംസ്ഥാനത്തെ പത്ത് ജില്ലകളിലെ 20 തദ്ദേശസ്വയംഭരണ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിനായുള്ള വിജ്ഞാപനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്, കണ്ണൂർ ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റചട്ടം സെപ്റ്റംബർ 11-ന് പ്രാബല്യത്തിൽ വന്നു. നാമനിർദ്ദേശ പത്രിക 22 വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന 24-ന് നടക്കും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം 26 ആണ്. വോട്ടെടുപ്പ് ഒക്ടോബർ 11-ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 12-ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി, നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ, കൊല്ലം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ്, ശൂരനാട് തെക്കിലെ തൃക്കുന്നപ്പുഴ വടക്ക്, ഉമ്മന്നൂരിലെ കമ്പംകോട്, ഇടുക്കി വണ്ടിപ്പെരിയാറിലെ ഇഞ്ചിക്കാട്, നെടുങ്കണ്ടത്തെ നെടുങ്കണ്ടം കിഴക്ക്, വണ്ടൻമേടിലെ വെള്ളിമല എറണാകുളം മഴുവന്നൂരിലെ ചീനിക്കുഴി, പോത്താനിക്കാട്ടെ തൃക്കേപ്പടി, തൃശ്ശൂർ കയ്പമംഗലത്തെ തായ്നഗർ, പാലക്കാട് കിഴക്കഞ്ചേരിയലെ ഇളങ്കാവ്, തിരുവേഗപ്പുറയിലെ ആമപ്പൊറ്റ, കോഴിക്കോട് ആയഞ്ചേരിയിലെ പൊയിൽപാറ, കണ്ണൂർ മാങ്ങാട്ടിടത്തെ കൈതേരി 12-ാം മൈൽ, കണ്ണപുരത്തെ കയറ്റീൽ എന്നീ ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം താനൂർ ബ്ലോക്ക് പഞ്ചായത്തിലെ തൂവ്വക്കാട്, കണ്ണൂർ എടക്കാട് ബ്ലോക്കിലെ കൊളച്ചേരി എന്നീ വാർഡുകളിലും വയനാട് സുൽത്താൻബത്തേരി നഗരസഭയിലെ മന്ദംകൊല്ലി, കണ്ണൂർ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം എന്നീ വാർഡുകളിലുമാണ് ഒക്ടോബർ 11-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.29/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**14th September 2018**

## ഗ്രാമപഞ്ചായത്ത് അംഗങ്ങളെ അയോഗ്യരാക്കി

പത്തനംതിട്ട ജില്ലയിലെ റാന്നി പെരിനാട് ഗ്രാമപഞ്ചയത്തിലെ നാല് അംഗങ്ങളെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അയോഗ്യരാക്കി. ഗ്രാമപഞ്ചായത്ത് അംഗങ്ങളായ സി.ആർ.മോഹനൻ, ഉഷാകുമാരി രാധാകൃഷ്ണൻ, എൽ. വി. മാത്യു, രാജൻ വെട്ടിക്കൽ എന്നിവരെയാണ് കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യരാക്കിയത്. നിലവിൽ അംഗങ്ങളായി തുടരുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മത്സരിക്കുന്നതിനും 2018 സെപ്തംബർ 12 മുതൽ ആറ് വർഷത്തേക്കാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത്.

ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലെ വി. കെ. വാസുദേവന് എതിരെ 2017 മാർച്ച് 20-ന് നടന്ന അവിശ്വാസപ്രമേയ വോട്ടെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് അംഗങ്ങളായ ഇവർ പാർട്ടിവിപ്പ് ലംഘിച്ച് എൽ.ഡി.എഫുമായി ചേർന്ന് അവിശ്വാസ പ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തിരുന്നു.

പാർട്ടി വിപ്പ് ലംഘിച്ച് വോട്ട് ചെയ്ത അംഗങ്ങൾക്കെതിരെ യു.ഡി.എഫ് സ്വതന്ത്രൻ പി. റ്റി. രാജു നൽകിയ ഹർജി പരിഗണിച്ചാണ് കമ്മീഷൻ അംഗങ്ങളെ അയോഗ്യരാക്കിയത്.

*(എസ്.ഇ.സി.28/2018)*

| Email:<br>contact.seckerala@gmail.com<br>cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 11th September 2018 |

## തദ്ദേശസ്വയംഭരണ ഉപതിരഞ്ഞെടുപ്പ് ഒക്ടോബർ 11-ന്

സംസ്ഥാനത്തെ പത്ത് ജില്ലകളിലെ 20 തദ്ദേശസ്വയംഭരണ വാർഡുകളിൽ ഒക്ടോബർ 11-ന് ഉപതിരഞ്ഞെടുപ്പ് നടക്കുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്, കണ്ണൂർ ജില്ലകളിലെ ഓരോ നഗരസഭാ വാർഡുകളിലുമാണ് ഉപതിരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റചട്ടം നിലവിൽ വന്നു. തിരഞ്ഞെടുപ്പ് വിജ്ഞാപനം ഈ മാസം 15-ന് പുറപ്പെടുവിക്കും, നാമനിർദ്ദേശ പത്രിക 22 വരെ സമർപ്പിക്കാം.സൂക്ഷമപരിശോധന 24-ന് നടക്കും നാമനിർദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം 26 ആണ്. വോട്ടെടുപ്പ് ഒക്ടോബർ 11-ന് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5-ന് അവസാനിക്കും. വോട്ടെണ്ണൽ 12 -ന് രാവിലെ 10-ന് നടക്കും.

തിരുവനന്തപുരം നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി, നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ, കൊല്ലം ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ്, ശൂരനാട് തെക്കിലെ തൃക്കുന്നപ്പുഴ വടക്ക്, ഉമ്മന്നൂരിലെ കമ്പംകോട്, ഇടുക്കി വണ്ടിപ്പെരിയാറിലെ ഇഞ്ചിക്കാട്, നെടുങ്കണ്ടത്തെ നെടുങ്കണ്ടം കിഴക്ക്, വണ്ടൻമേടിലെ വെള്ളിമല എറണാകുളം മഴുവന്നൂരിലെ ചീനിക്കുഴി, പോത്താനിക്കാട്ടെ തൃക്കേപ്പടി, തൃശ്ശൂർ കയ്പമംഗലത്തെ തായ്നഗർ, പാലക്കാട് കിഴക്കഞ്ചേരിയലെ ഇളങ്കാവ്, തിരുവേഗപ്പുറയിലെ ആമപ്പൊറ്റ,കോഴിക്കോട് ആയഞ്ചേരിയിലെ പൊയിൽപാറ, കണ്ണൂർ മാങ്ങാട്ടിടത്തെ കൈതേരി 12-ാം മൈൽ, കണ്ണപുരത്തെ കയറ്റീൽ എന്നീ ഗ്രാമപഞ്ചായത്ത് വാർഡുകളിലും മലപ്പുറം താനൂർ ബ്ലോക്ക് പഞ്ചായത്തിലെ തൂവ്വക്കാട്, കണ്ണൂർ എടക്കാട് ബ്ലോക്കിലെ കൊളച്ചേരി എന്നീ വാർഡുകളിലും വയനാട് സുൽത്താൻബത്തേരി നഗരസഭയിലെ മന്ദംകൊല്ലി, കണ്ണൂർ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം എന്നീ വാർഡുകളിലുമാണ് ഒക്ടോബർ 11-ന് ഉപതിരഞ്ഞെടുപ്പ് നടക്കുക.

*(എസ്.ഇ.സി.27/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

6th September 2018

## ഉപതിരഞ്ഞെടുപ്പ്:
## അന്തിമവോട്ടർപട്ടിക: അപേക്ഷകൾ 10 വരെ നൽകാം

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച അന്തിമവോട്ടർപട്ടിക സംബന്ധിച്ച ആക്ഷേപങ്ങൾ ഈ മാസം 10 വരെ നൽകാം. വോട്ടർപട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും, പുതുതായി പേര് ഉൾപ്പെടുത്തുന്നതിനും അവസരമുണ്ടാകും.

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിലെ മീൻമുട്ടി വാർഡിലെയും നാവായിക്കുളം ഗ്രാമപഞ്ചായത്തിലെ 28-ാം മൈൽ വാർഡിലെയും കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ ഭരണിക്കാവ് വാർഡിലെയും ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിലെ തൃക്കുന്നപ്പുഴ വടക്ക് വാർഡിലെയും ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കമ്പംകോട് വാർഡിലെയും ഇടുക്കി ജില്ലയിലെ വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്തിലെ ഇഞ്ചിക്കാട് വാർഡിലെയും നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിലെ നെടുങ്കണ്ടം കിഴക്ക് വാർഡിലെയും വണ്ടൻമേട് ഗ്രാമപഞ്ചായത്തിലെ വെള്ളിമല വാർഡിലെയും എറണാകുളം ജില്ലയിലെ മഴുവന്നൂർ ഗ്രാമപഞ്ചായത്തിലെ ചീനിക്കുഴി വാർഡിലെയും പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ തൃക്കേപ്പടി വാർഡിലെയും തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം ഗ്രാമപഞ്ചായത്തിലെ തായ്നഗർ വാർഡിലെയും പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ ഇളങ്കാവ് വാർഡിലെയും തിരുവേഗപ്പുറ ഗ്രാമപഞ്ചായത്തിലെ ആമപ്പൊറ്റ വാർഡിലെയും മലപ്പുറം ജില്ലയിലെ താനൂർ ബ്ലോക്ക് പഞ്ചായത്തിലെ തൂവ്വക്കാട് വാർഡിലെയും കോഴിക്കോട് ജില്ലയിലെ ആയഞ്ചേരി ഗ്രാമപഞ്ചായത്തിലെ പൊയിൽപ്പാറ വാർഡിലെയും വയനാട് ജില്ലയിലെ സുൽത്താൻബത്തേരി നഗരസഭയിലെ മന്ദംകൊല്ലി വാർഡിലെയും കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം വാർഡിലെയും മങ്ങാട്ടിടം ഗ്രാമപഞ്ചായത്തിലെ കൈതേരി 12-ാം മൈൽ വാർഡിലെയും കണ്ണപുരം ഗ്രാമപഞ്ചായത്തിലെ കയറ്റീൽ വാർഡിലെയും എടക്കാട് ബ്ലോക്ക് പഞ്ചായത്തിലെ കൊളച്ചേരി വാർഡിലെയും വോട്ടർപട്ടിക സംബന്ധിച്ച ആക്ഷേപങ്ങളാണ് സമർപ്പിക്കാവുന്നത്.

*(എസ്.ഇ.സി.26/2018)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | # പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **23rd July 2018** |

## തിടനാട് ഗ്രാമ പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കി

കോട്ടയം: തിടനാട് ഗ്രാമ പഞ്ചായത്ത് (വാർഡ് 10) അംഗം ജോമോൻ കെ.എമ്മിനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജൂലൈ 20 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തിപതിനേഴ് ഫെബ്രുവരി 14ന് തിടനാട് ഗ്രാമ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പരാതിക്കാരിയായ സുജാബാബുവിനോട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും എതിർ കക്ഷി ജോമോനോട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും മത്സരിക്കാൻ ഇന്ത്യൻനാഷണൽ കോൺഗ്രസ് കോട്ടയം ജില്ലാ പ്രസിഡന്റ് ഫെബ്രുവരി 11ന് നിർദ്ദേശം നൽകി. ജോമോൻ പാർട്ടി നിർദ്ദേശം ലംഘിച്ച് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്ക് മത്സരിക്കുകയും സി.പി.ഐ(എം), സി.പി.ഐ, കേരള കോൺ.(സെക്കുലർ), ബി.ജെ.പി എന്നിവരുടെ പിന്തുണയോടെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. സ്വന്തം പാർട്ടി താത്പര്യത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും എതിർ പാർട്ടിക്കാരുടെ പിന്തുണയോടെ ക്ഷേമകാര്യ സ്റ്റാന്റിംഗ് മ്മിറ്റിയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുംചെയ്തു. നടപടിയെ ചോദ്യംചെയ്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗം സുജാബാബു നൽകിയ ഹർജി പരിഗണിച്ചാണ് കമ്മീഷൻ ജോമോനെ അയോഗ്യനാക്കിയത്.

*(എസ്.ഇ.സി.25/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th June 2018

## കായംകുളം നഗരസഭയിലെ എൻ.സി.പി അംഗത്തെ അയോഗ്യനാക്കി

ആലപ്പുഴ: കായംകുളം നഗരസഭയിലെ നാഷണലിസ്റ്റ് കോൺഗ്രസ് പാർട്ടി അംഗം സുൾഫിക്കർ മയൂരിയെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യനാക്കി. നഗരസഭ അംഗമായിരിക്കെ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ചെയർമാൻ പദവി വഹിച്ച് ആനുകൂല്യം കൈപ്പറ്റിയതിനാണ് അയോഗ്യത. കേരള മുനിസിപ്പാലിറ്റി ആക്ടിലെ വകുപ്പ് 86 പ്രകാരം 2018 ജൂൺ 29 മുതൽ അംഗത്വ കാലാവധി അവസാനിക്കുന്നതുവരെ നഗരസഭ അംഗമായി തുടരുന്നതിൽനിന്നുമാണ് കമ്മീഷൻ വിലക്കിയത്.

*(എസ്.ഇ.സി.24/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th June 2018

## 24 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പത്ത് ജില്ലകളിലെ 24 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 19 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും എറണാകുളം, മലപ്പുറം, കണ്ണൂർ ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും വയനാട്ടിലെയും കണ്ണൂരിലെയും ഒരോ നഗരസഭ വാർഡുക ളിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഇന്നു (ജൂൺ25) മുതൽ ജൂലൈ 9 വരെ ഓൺ ലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന്-ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന്-ഫാറം 6, പോളിംഗ് സ്റ്റേഷൻ/ വാർഡ് സ്ഥാന മാറ്റം-ഫാറം 7ലുമുള്ള അപേക്ഷകളാകും ഓൺ ലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് -ഫാറം5 ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം അപേക്ഷിക്കേണ്ടത്.

അവകാശവാദങ്ങളിന്മേൽ ജൂലൈ 20 നകം തീർപ്പ് കൽപ്പിച്ച് 24ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.in ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- നന്ദിയോട്-മീൻമുട്ടി, നാവായിക്കുളം-28-ാംമൈൽ, കൊല്ലം-ശാസ്താംകോട്ട-ഭരണിക്കാവ്, ശൂരനാട് തെക്ക്-തൃക്കുന്നപ്പുഴ വടക്ക്, ഉമ്മന്നൂർ-കമ്പംകോട്, ഇടുക്കി-വണ്ടിപ്പെരിയാർ- ഇഞ്ചിക്കാട്, നെടുങ്കണ്ടം-നെടുങ്കണ്ടം കിഴക്ക്, വണ്ടൻമേട്-വെള്ളിമല, കൊന്നത്തടി-മുനിയറ നോർത്ത്, എറണാകുളം- മഴുവന്നൂർ -ചീനിക്കുഴി, പോത്താനിക്കാട്-തൃക്കേപ്പടി, എളങ്കുന്നപ്പുഴ-പഞ്ചായത്ത്വാർഡ്, കോട്ടുവള്ളി- ചെറിയപിള്ളി, തൃശൂർ-കയ്പമംഗലം-തായ്നഗർ, പാലക്കാട്-കിഴക്കഞ്ചേരി-ഇളങ്കാവ്, തിരുവേഗപ്പുറ- ആമപ്പൊറ്റ, കോഴിക്കോട്-ആയഞ്ചേരി-പൊയിൽപാറ, കണ്ണൂർ-മാങ്ങാട്ടിടം-കൈതേരി 12-ാം മൈൽ, കണ്ണപുരം-കയറ്റീൽ.
എറണാകുളം പറവൂർ ബ്ലോക്ക്പഞ്ചായത്തിലെ വാവക്കാട് (ചിറ്റാറ്റുകര ഗ്രാമ ഞ്ചായത്ത്- വാർഡ് 1 വടക്കേക്കരഗ്രാമ പഞ്ചായത്തിലെ 12,13,14,15,16,17 വാർഡുകൾ), മലപ്പുറം താനൂർ ബ്ലോക്ക്പഞ്ചായത്തിലെ തൂവ്വക്കാട് (വളവന്നൂർ ഗ്രാമ പഞ്ചായത്തിലെ 5,6,7,8,9,15,16,17 വാർഡുകൾ), കണ്ണൂർ എടക്കാട് ബ്ലോക്ക്പഞ്ചായത്തിലെ കൊളച്ചേരി (കൊളച്ചേരി ഗ്രാമ പഞ്ചായത്തിലെ 4,5,6,7,8,9,10 വാർഡുകൾ)
വയനാട് സുൽത്താൻ ബത്തേരി നഗരസഭയിലെ മന്ദംകൊല്ലി വാർഡ്, കണ്ണൂർ തലശ്ശേരി നഗരസഭയിലെ കാവുംഭാഗം വാർഡ്.

*(എസ്.ഇ.സി.23/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

14th June 2018

## കേസിന് ഹാജരാകാത്ത സാക്ഷിക്ക് തെരഞ്ഞെടുപ്പ് കമ്മീഷൻ 2000 രൂപ പിഴ ചുമത്തി

വെച്ചൂചിറ ഗ്രാമപഞ്ചായത്ത് (വാർഡ് 7) അംഗം ജോർജ്ജ് ഇളംപ്ലാക്കാടിന്റെ അയോഗ്യതയുമായി ബന്ധപ്പെട്ട കേസിലെ സാക്ഷിയും എൻ.സി.പി പത്തനംതിട്ട ജില്ല പ്രസിഡന്റുമായ മാത്യു ജോർജ്ജ് വിചാരണക്ക് ഹാജരാകാത്തതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 2000 രൂപ പിഴ ചുമത്തി.

കഴിഞ്ഞ മാർച്ച് 20ന് ഹാജരാകാൻ മാത്യൂ ജോർജ്ജിന് കമ്മീഷൻ നോട്ടീസ് നൽകിയിരുന്നു. അദ്ദേഹം ഹാജരാകാത്തതിനാൽ കേസ് ഏപ്രിൽ 24 ലേക്ക് മാറ്റി. എന്നാൽ ആ ദിവസവും മാത്യൂ ജോർജ്ജ് ഹാജരാകാത്ത സാഹചര്യത്തിൽ വീഴ്ചക്ക് തക്കതായ കാരണം ബോധിപ്പിക്കുന്നതിന് മെയ് 16ന് കമ്മീഷൻ മുമ്പാകെ ഹാജരാകാൻ നിർദ്ദേശിച്ചു. കേസിന് ഹാജരാകുന്നതിന് പകരം അസൗകര്യം പറഞ്ഞ് വക്കീൽ മുഖാന്തിരം സമയം ആവശ്യപ്പെടുകയും മെയ് 30-ന് ഹാജരാകാൻ കമ്മീഷൻ സമയം അനുവദിക്കുകയും ചെയ്തു. എന്നാൽ വീണ്ടും സമയം ആവശ്യപ്പെടുകയാണ് ഉണ്ടായത്. തുടർന്ന് കമ്മീഷൻ അന്തിമമായി ജൂൺ 13ന് ഹാജരാകാൻ അവസരം നൽകിയെങ്കിലും മാത്യൂ ജോർജ്ജ് ഹാജരായില്ല.

കമ്മീഷൻ നിരന്തരം അറിയിപ്പ് നൽകിയിട്ടും മാത്യൂ ജോർജ്ജ് മനപ്പൂർവ്വം കേസിന് ഹാജരാകാതിരിക്കുകയും വിശദീകരണം നൽകാതിരിക്കുകയും ചെയ്തത് നിയമ സംവിധാനത്തോടുള്ള അനാദരവാണെന്ന് വിലയിരുത്തിയാണ് പിഴ ചുമത്തിയത്. ജൂൺ 22ന് പിഴ ഒടുക്കാനാണ് ഉത്തരവായിട്ടുള്ളത്.

*(എസ്.ഇ.സി.22/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

1st June 2018

## ഉപതെരഞ്ഞെടുപ്പ്
## എൽ.ഡി.എഫ് 12 യു.ഡി.എഫ് 7 സീറ്റുകൾ നേടി

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 12ഉം യു.ഡി.എഫ് 7ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി. ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാല ക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പു നടന്നത്.

എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. തിരുവന ന്തപുരം-വിളപ്പിൽ-കരുവിലാഞ്ചി- രതീഷ്. ആർ.എസ്-518, കൊല്ലം കോർപ്പറേഷനിലെ അമ്മൻനട- ചന്ദ്രികാ ദേവി-242, ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക്- ആർ.എസ്.ജയലക്ഷമി-1581, പത്തനംതിട്ട-മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്-ഉഷാകുമാരി.എസ്-165, മല്ലപ്പുഴശ്ശേരി- കുഴിക്കാല കിഴക്ക്- ശാലിനി അനിൽ കുമാർ-52, പന്തളം തെക്കേക്കര- പൊങ്ങലടി- കൃഷ്ണകുമാർ-130, പാലക്കാട് കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലെ കോട്ടായി-ജയരാജ്. എം.ആർ-1403, ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്- ഷാജി പാറക്കൽ-263, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി-രേഖ.വികെ-351, ഉള്ള്യേരി- പുത്തഞ്ചേരി-രമ കൊട്ടാരത്തിൽ-274, കണ്ണൂർ- പാപ്പിനിശ്ശേരി- ധർമ്മക്കിണർ- സീമ.എം-478, ഇരിട്ടി നഗരസഭയിലെ ആട്ട്യാലം- അനിത.കെ-253

യു.ഡി.എഫ് വിജയിച്ചവ. പത്തനംതിട്ട- മല്ലപ്പുഴ ശ്ശേരി- ഓന്തേക്കാട് വടക്ക്- എബ്രഹാം.റ്റി.എ-35, റാന്നിഅങ്ങാടി-കരിങ്കുറ്റി-ദീപാസജി-7, ഇടുക്കി-കട്ടപ്പന നഗരസഭ വെട്ടിക്കുഴക്കവല-അഡ്വ. സണ്ണി ചെറിയാൻ കുറ്റിപ്പുറത്ത്-119, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം- ഷാരോൺ.റ്റി.എസ്-131, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം- കട്ടിലപ്പറമ്പിൽ വേലായുധൻ-119, പോത്തുകല്ല്- സി.എച്ച് സുലൈമാൻ ഹാജി-167, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്- ജെസ്സി ജെയംസ് നടയ്ക്കൽ-288

കരിങ്കുറ്റി, വെട്ടിക്കുഴക്കവല, സാമൂഹ്യ സേവാ സംഘം പോത്തുകല്ല് എന്നീ വാർഡുകൾ എൽ.ഡി.എഫിൽനിന്നും യു.ഡി.എഫ് പിടിച്ചെടുത്തപ്പോൾ കരുവിലാഞ്ചി, കുഴിക്കാല കിഴ ക്ക് എന്നീ വാർഡുകൾ യു.ഡി.എഫിൽ നിന്നും ഓന്തേക്കാട് വാർഡ് കേരള കോൺഗ്രസ്സ് (എം)ൽ നിന്നും എൽ.ഡി.എഫും പിടിച്ചെടുത്തു. രണ്ടായിരത്തി പതിനഞ്ചിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-13, യു.ഡി.എഫ്-5, കേരള കോൺഗ്രസ്സ് (എം)-1 എന്നിങ്ങനെയായിരുന്നു സീറ്റുനില.

*(എസ്.ഇ.സി.21/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

31st May 2018

## ഉപതെരഞ്ഞെടുപ്പിൽ 74 ശതമാനം പോളിംഗ്

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ 74 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലക ളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലക ളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പു നടന്നത്. ജൂൺ1 രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-കരുവിലാഞ്ചി-79.21, പത്തനംതിട്ട- മല്ലപ്പുഴ ശ്ശേരി- ഓന്തേക്കാട് വടക്ക്-66, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്-66.80, മല്ലപ്പുഴശ്ശേരി- കുഴിക്കാല കിഴക്ക്-56, റാന്നി അങ്ങാടി- കരിങ്കുറ്റി-62.50, പന്തളം തെക്കേക്കര- പൊങ്ങലടി-77.30, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം-80.29, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്- 86.67, കോഴിക്കോട്- ഉള്ള്യേരി- പുത്തഞ്ചേരി -84.97, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്-77.73, പാപ്പിനിശ്ശേരി- ധർമ്മക്കിണർ- 63.72 .

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട-67.91, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴക്കവല-73.97, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്-85.37, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം-82.37, കോഴി ക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി-75.83, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്ട്യാലം-81.44, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക്-56.42, പാലക്കാട് കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലെ കോട്ടായി വാർഡ്-71.54

*എസ്.ഇ.സി.20/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

29th May 2018

## 19 തദ്ദേശ വാർഡുകളിൽ നാളെ ഉപതെരഞ്ഞെടുപ്പ്

ഒമ്പത് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ നാളെ (മേയ് 31) ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. ജൂൺ1ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എസ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തെരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിളപ്പിൽ - കരുവിലാഞ്ചി, പത്തനംതിട്ട- മല്ലപ്പുഴശ്ശേരി-ഓന്തേക്കാട് വടക്ക്, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്, മല്ലപ്പുഴശ്ശേരി-കുഴിക്കാല കിഴക്ക്, റാന്നി അങ്ങാടി- കരിങ്കുറ്റി, പന്തളം തെക്കേകര- പൊങ്ങലടി, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്, കോഴിക്കോട്- ഉള്ള്യേരി- പുത്തഞ്ചേരി, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്, പാപ്പിനിശ്ശേരി- ധർമ്മക്കിണർ.

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴക്കവല, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്ട്യാലം, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലെ കോട്ടായി വാർഡ്

*(എസ്.ഇ.സി.19/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

18th May 2018

## മൈനാഗപ്പള്ളി പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

കൊല്ലം: മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്ത് (വാർഡ് 01) അംഗം പാത്തുമ്മ ബീവിയെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യയാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 മെയ് 18 മുതൽ ആറു വർഷത്തേക്കാണ് വിലക്ക് ഏർപ്പെടുത്തിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ പാത്തുമ്മ ബീവിയും ശാന്തകുമാരി അമ്മയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗങ്ങളായാണ് തെരഞ്ഞെടുക്കപ്പെട്ടത്. 22 അംഗങ്ങളുള്ള മൈനാഗപ്പള്ളി ഗ്രാമപഞ്ചായത്തിൽ യു.ഡി.എഫിന് 10 എൽ.ഡി.എഫ് 9 ബി.ജെ.പി 2 സ്വതന്ത്ര 1 സീറ്റുകളാണ് ലഭിച്ചിരുന്നത്.

യു.ഡി.എഫിന് ഭൂരിപക്ഷം ലഭിച്ചതിനെതുടന്ന് 2015 നവംബർ 19ന് ശാന്തകുമാരി അമ്മയെ പ്രസിഡന്റായും നജീബിനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുക്കാൻ തീരുമാനിച്ചു. എല്ലാ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗങ്ങൾക്കും കൊല്ലം ഡി.സി.സി പ്രസിഡന്റ് വിപ്പ് നൽകി. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ പാത്തുമ്മ ബീവി എൽ.ഡി.എഫുമായുള്ള രഹസ്യ ധാരണയിൽ പാർട്ടി വിപ്പ് ലംഘിച്ച് തന്റെ വോട്ട് മനപ്പൂർവ്വം അസാധുവാക്കി. ഈ നടപടികൾക്കെതിരേ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗം ശാന്തകുമാരി അമ്മ നൽകിയ ഹർജി പരിഗണിച്ചാണ് കമ്മീഷൻ പാത്തുമ്മ ബീവിയെ അയോഗ്യയാക്കിയത്.

*(എസ്.ഇ.സി.18/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**7th May 2018**

## 19 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനമായി

ഒമ്പത് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ മേയ് 31ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമ പഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം മേയ് 2ന് നിലവിൽവന്നു. ഇന്നു (മേയ് 7) മുതൽ നാമനിർദ്ദേശം സ്വീകരിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 14. സൂക്ഷ്മ പരിശോധന 15. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 17മാണ്. വോട്ടെടുപ്പ് മേയ് 31 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. വോട്ടെണ്ണൽ ജൂൺ 1ന് രാവിലെ 10 മണി.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിളപ്പിൽ - കരുവിലാഞ്ചി, പത്തനംതിട്ട- മല്ലപ്പുഴശ്ശേരി-ഓന്തേക്കാട് വടക്ക്, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്, മല്ലപ്പുഴശ്ശേരി-കുഴിക്കാല കിഴക്ക്, റാന്നി അങ്ങാടി- കരിങ്കുറ്റി, പന്തളം തെക്കേകര- പൊങ്ങലടി, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്, കോഴിക്കോട്- ഉള്ള്യേരി- പുത്തഞ്ചേരി, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്, പാപ്പിനിശ്ശേരി- ധർമ്മക്കിണർ.

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴക്കവല, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്ട്യാലം, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലെ കോട്ടായി വാർഡ്

*(എസ്.ഇ.സി.17/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd May 2018

## 19 തദ്ദേശ വാർഡുകളിൽ മേയ് 31ന് ഉപതെരഞ്ഞെടുപ്പ്

ഒമ്പത് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ മേയ് 31ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്നു(മേയ് 2)നിലവിൽ വന്നു. മേയ് 7 മുതൽ നാമനിർദ്ദേശം സ്വീകരിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 14. സൂക്ഷ്മ പരിശോധന 15. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 17മാണ്. വോട്ടെടുപ്പ് മേയ് 31 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. വോട്ടെണ്ണൽ ജൂൺ 1ന് രാവിലെ 10 മണി.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിളപ്പിൽ - കരുവിലാഞ്ചി, പത്തനംതിട്ട- മല്ലപ്പുഴശ്ശേരി-ഓന്തേക്കാട് വടക്ക്, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്, മല്ലപ്പുഴശ്ശേരി-കുഴിക്കാല കിഴക്ക്, റാന്നി അങ്ങാടി- കരിങ്കുറ്റി, പന്തളം തെക്കേകര- പൊങ്ങലടി, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്, കോഴിക്കോട്- ഉള്ള്യേരി- പുത്തഞ്ചേരി, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്, പാപ്പിനിശ്ശേരി- ധർമ്മക്കിണർ.

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴക്കവല, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്ട്യാലം, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക്, പാലക്കാട് കുഴൽമന്ദം ബ്ലോക്ക്പഞ്ചായത്തിലെ കോട്ടായി വാർഡ്

*(എസ്.ഇ.സി.16/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd May 2018

## 19 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് വോട്ടർപട്ടികയിൽ മേയ് 4വരെ പേരു ചേർക്കാം

ഒമ്പത് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും പേര് ഉൾപ്പെടുത്തുന്നതിനും മേയ് 4 വൈകിട്ട് 5 മണിവരെ അവസരമുണ്ടായിരിക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 11 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്,മലപ്പുറം,കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡു കളിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകൾ ഓൺ ലൈനായി (www.lsgelection.kerala.gov.in) സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന് (ഫാറം4) ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന് (ഫാറം6) സ്ഥാനമാറ്റത്തിന് ഫാറം7 മാണ് ഉപയോഗിക്കേണ്ടത്. പേര് ഒഴിവാക്കുന്നതിന് (ഫാറം 5, 8) നേരിട്ട് അപേക്ഷിക്കേണ്ടതാണ്. വോട്ടർപട്ടികയിൽ പേരു ചേർക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. അവകാശവാദങ്ങളിന്മേൽ തീർപ്പുകൽപ്പിച്ച് മേയ് 13ന് അന്തിമപട്ടികയുടെ സപ്ലിമെന്ററിയായി മാറ്റങ്ങൾ പ്രസിദ്ധീകരിക്കാനും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിളപ്പിൽ - കരുവിലാഞ്ചി, പത്തനംതിട്ട- മല്ലപ്പുഴശ്ശേരി-ഓന്തേക്കാട് വടക്ക്, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്, മല്ലപ്പുഴശ്ശേരി-കുഴിക്കാല കിഴക്ക്, റാന്നി അങ്ങാടി- കരിങ്കുറ്റി, പന്തളം തെക്കേകര- പൊങ്ങലടി, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്, കോഴിക്കോട്- ഉള്ള്യേരി-പുത്തഞ്ചേരി, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്, പാപ്പിനിശ്ശേരി- ധർമ്മക്കിണർ.

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴ ക്കവല, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്യാലം, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക് (ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് 1,2,3,7,8,10,11 വാർഡുകൾ, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്1-ാംവാർഡ്),പാലക്കാട് കുഴൽമന്ദം ബ്ലോക്ക്ഞ്ചായത്തിലെ കോട്ടായി (കോട്ടായി ഗ്രാമപഞ്ചായത്ത് 1,2,3,10,11,12,13,14,15 വാർഡുകൾ) എന്നി വാർഡുകൾ.

*(എസ്.ഇ.സി.15/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

24th April 2018

## പൊന്നാനി നഗരസഭ ജൂനിയർ സൂപ്രണ്ടിനെയും മുൻ സെക്രട്ടറിയെയും പ്രോസിക്യൂട്ട് ചെയ്യാൻ നടപടി

വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങളിലെ നടപടിക്രമങ്ങൾ പാലിക്കാതെ പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിൽ സമ്മതിദായകരുടെ പേര് ഉൾപ്പെടുത്തുകയും ഒഴിവാക്കുകയും ചെയ്ത ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ കെ.കെ.മനോജ്, അസി.ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ വി.വി. അരുൺകുമാർ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യാൻ സംസ്ഥാന തെഞ്ഞെടുപ്പ് കമ്മീഷൻ നടപടി സ്വീകരിച്ചു. പൊന്നാനി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ എസ്.റ്റി.185/2018 ആയാണ് കേസ് പരിഗണിക്കുന്നത്. ക്രിമിനൽ നടപടി നിയമം 190, 200 എന്നീ വകുപ്പുകൾ പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ട് 84എ ഇന്ത്യൻ ശിക്ഷാ നിയമം 34 എന്നിവയിൽ പറയുന്ന കുറ്റങ്ങൾക്കാണ് കേസ് എടുത്തിരിക്കുന്നത്. സംസ്ഥാന തെഞ്ഞെടുപ്പ് കമ്മീഷൻ ആദ്യമായാണ് വോട്ടർപട്ടിക ക്രമക്കേടുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് കോടതിയെ സമീപിക്കുന്നത്.

അഴീക്കൽ വാർഡിലെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും പേര് ഒഴിവാക്കുന്നതിനുമായി ലഭിച്ച അപേക്ഷകളിൻമേൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറും അസി.ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറും ചട്ട വിരുദ്ധമായി പ്രവർത്തിച്ചു. 18 വയസ് പൂർത്തിയാകാത്തവരെയും വാർഡിലെ സാധാരണ താമസക്കാരല്ലാത്തവരെയും പട്ടികയിൽ ഉൾപ്പെടുത്തി. കൂടാതെ ശരിക്കുള്ള നിരവധി വോട്ടർമാരെ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായും കമ്മീഷൻ കണ്ടെത്തിയിരുന്നു.

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക 2017 നവംബർ 17ന് കമ്മീഷൻ റദ്ദാക്കുകയും ആക്ഷേപങ്ങളും അവകാശങ്ങളും സമർപ്പിച്ചവർക്കും, ആക്ഷേപം ഉന്നയിക്കപ്പെട്ടവർക്കും വീണ്ടും നോട്ടീസ് നൽകിയും, ആവശ്യമായ അന്വേഷണം നടത്തിയും, വാദം കേട്ടും പുതുക്കിയ വോട്ടർ പട്ടിക 2017 ഡിസംബർ 12ന് പ്രസിദ്ധീകരിക്കാൻ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം പുതിയ പട്ടിക അനുസരിച്ചാണ് അഴീക്കൽ വാർഡിലെ ഉപതെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്.

*(എസ്.ഇ.സി.14/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

2nd April 2018

## 20 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പത്ത് ജില്ലകളിലെ 20 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കൊല്ലം, പാലക്കാട് ജില്ലകളിലെ ഓരോ ബ്ലോക്ക് പഞ്ചായത്ത് വാർഡുകളിലും കൊല്ലം കോർപ്പറേഷനിലെ ഒരു വാർഡിലും ഇടുക്കി, പാലക്കാട്,മലപ്പുറം,കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ഒരോ നഗരസഭ വാർഡുകളിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഏപ്രിൽ 3 മുതൽ 17 വരെ ഓൺ ലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന്-ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന്-ഫാറം 6, പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാന മാറ്റം-ഫാറം 7ലുമുള്ള അപേക്ഷകളാകും ഓൺ ലൈനായി സ്വീകരിക്കുക. പേര് ഒഴിവാക്കുന്നതിന് -ഫാറം5 ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം അപേക്ഷിക്കേണ്ടത്.

അവകാശവാദങ്ങളിന്മേൽ ഏപ്രിൽ 27ന് തീർപ്പ് കൽപ്പിച്ച് 30ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക **www.lsgelection.kerala.gov.in** ൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിളപ്പിൽ - കരുവിലാഞ്ചി, പത്തനംതിട്ട- മല്ലപ്പുഴശ്ശേരി-ഓന്തേക്കാട് വടക്ക്, മല്ലപ്പുഴശ്ശേരി-ഓന്തേക്കാട്, മല്ലപ്പുഴശ്ശേരി-കുഴിക്കാല കിഴക്ക്, റാന്നി അങ്ങാടി- കരിങ്കുറ്റി, പന്തളം തെക്കേകര- പൊങ്ങലടി, ആലപ്പുഴ- എടത്വാ- പാണ്ടങ്കരി, എറണാകുളം- പള്ളിപ്പുറം- സാമൂഹ്യ സേവാ സംഘം, മലപ്പുറം- പോത്തുകല്ല്- പോത്തുകല്ല്, കോഴിക്കോട്- ഉള്ള്യേരി-പുത്തഞ്ചേരി, കണ്ണൂർ- ഉളിക്കൽ- കതുവാപ്പറമ്പ്, പാപ്പിനിശ്ശേരി- ധർമ്മക്കിണർ.

കൊല്ലം കോർപ്പറേഷനിലെ അമ്മൻനട, ഇടുക്കി കട്ടപ്പന നഗരസഭയിലെ വെട്ടിക്കുഴ ക്കവല, പാലക്കാട് ചെർപ്പുളശ്ശേരി നഗരസഭയിലെ നിരപ്പറമ്പ്, മലപ്പുറം മഞ്ചേരി നഗരസഭയിലെ പാലക്കുളം, കോഴിക്കോട് കൊയിലാണ്ടി നഗരസഭയിലെ പന്തലായനി, കണ്ണൂർ ഇരിട്ടി നഗരസഭയിലെ ആട്ട്യാലം, കൊല്ലം ഇത്തിക്കര ബ്ലോക്ക്പഞ്ചായത്തിലെ ചാത്തന്നൂർ വടക്ക് (ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് 1,2,3,7,8,10,11 വാർഡുകൾ,കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്1-ാംവാർഡ്),പാലക്കാട് കുഴൽമന്ദം ബ്ലോക്ക്ഞ്ചായത്തിലെ കോട്ടായി (കോട്ടായി ഗ്രാമപഞ്ചായത്ത് 1,2,3,10,11,12,13,14,15 വാർഡുകൾ) എന്നി വാർഡുകൾ.

*(എസ്.ഇ.സി.13/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

1st March 2018

## ഉപതെരഞ്ഞെടുപ്പ് യു.ഡി.എഫ് 8 എൽ.ഡി.എഫ് 8 സ്വത. 2 ബി.ജെ.പി.1 സീറ്റുകൾ നേടി

ബുധനാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ യു.ഡി.എഫും എൽ.ഡി.എഫും 8 വീതവും സ്വതന്ത്രർ 2 ബി.ജെ.പി 1 ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം വയനാട് കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട് കാസർഗോഡ് ജില്ലകളി ലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

യു.ഡി.എഫ് വിജയിച്ച ഗ്രാമപഞ്ചായത്ത് വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. പത്തനംതിട്ട-ചെറുകോൽ-മഞ്ഞപ്രമല- ആനി (ആനി വർഗ്ഗീസ്)-16, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്- അഡ്വ. ജിസ്മോൾ തോമസ്-117, എറണാകുളം- രാമമംഗലം- നെട്ടൂപാടം- എൻ. ആർ. ശ്രീനിവാസൻ-147, വടവുകോട് പുത്തൻകുരിശ്-കരിമുകൾ നോർത്ത്- അബ്ദുൽ ബഷീർ. കെ. എ-173, മലപ്പുറം-വെട്ടം- കോട്ടേക്കാട്- സി. മോഹൻദാസ്-61, കണ്ണൂർ-പേരാവൂർ-പേരാവൂർ-പൂക്കോട്ട് എം.സിറാജ്-382. കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്- സറീനാ റഫീക്ക്-97, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്-പി. സി. മമ്മൂട്ടി-884.

എൽ.ഡി.എഫ് വിജയിച്ചവ. കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ-ബി. വി. രമാമണി അമ്മ-118, നെടുമ്പന-പുലിയില- റിനു മോൻ. ആർ-188, പത്തനംതിട്ട- തണ്ണിത്തോട്-മണ്ണീറ- റ്റിജോ തോമസ്-45, ആലപ്പുഴ- എഴുപുന്ന- കുമാരപുരം- ആർ. ജീവൻ-34, തകഴി- കളത്തിൽപാലം- കെ. സുഷമ-162, തൃശൂർ-ചാഴൂർ- പഴുവിൽനോർത്ത്- ദീപ വസന്തൻ-288, വയനാട്-തിരുനെല്ലി-അപ്പപ്പാറ-ബിന്ദു സുരേഷ് ബാബു-190, കാസർ ഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ്- ഓമന-3690.

പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്- രാജൻ പൂതനായിൽ-210 വോട്ടിനും മലപ്പുറം- തവന്നൂർ- കൂരട- അബ്ദുൾ നാസർ കൂരട-467 വോട്ടിനും സ്വതന്ത്രരായി മത്സരിച്ച് വിജയിച്ചപ്പോൾ തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്-അജിത കുമാരി. ആർ.എസ് 110 വോട്ടുകൾക്ക് ബി.ജെ.പിയിൽ നിന്നും വിജയിച്ചു.

കണ്ണൂർ ജില്ലയിലെ പേരാവൂർ, മലപ്പുറത്തെ കോട്ടേക്കാട് എന്നിവ എൽ.ഡി.എഫിൽ നിന്നും യു.ഡി.എഫ് പിടിച്ചെടുത്തപ്പോൾ കൊല്ലത്തെ അണ്ടൂർ, പത്തനംതിട്ടയിലെ മണ്ണീറ എന്നില യു.ഡി.എഫിൽനിന്നും എൽ.ഡി.എഫും പിടിച്ചെടുക്കുകയും തിരുവനന്തപുരത്തെ നൂലിയോട് എൽ.ഡി.എഫിൽ നിന്നും ബി.ജെ.പി പിടിച്ചെടുക്കുകയും ചെയ്തു.

*(എസ്.ഇ.സി.12/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

28th February 2018

## ഉപതെരഞ്ഞെടുപ്പിൽ 78.24 ശതമാനം പോളിംഗ്

ബുധനാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ 78.24 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം വയനാട് കണ്ണൂർ ജില്ലകളിലെ 16 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട് കാസർഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഇന്ന്(മാർച്ച് 1) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്- 80.56, കൊല്ലം- ഉമ്മന്നൂർ- അൂർ-73.85, നെടുമ്പന-പുലിയില-84.46, പത്തനംതിട്ട- തണ്ണിത്തോട്-മണ്ണീറ-72, ചെറുകോൽ-മഞ്ഞപ്രമല-64, ആലപ്പുഴ- എഴുപുന്ന- കുമാരപുരം-87.14, തകഴി- കളത്തിൽപാലം- 79.45, കോട്ടയം- മുത്തോലി-തെക്കുംമുറി നോർത്ത്-83.31, എറണാകുളം- രാമമംഗലം- നെട്ടൂപാടം-84.30, വടവുകോട്പുത്തൻകുരിശ്- കരിമുകൾ നോർത്ത്- 85.70. തൃശൂർ- ചാഴൂർ-പഴുവിൽനോർത്ത്-80.48, പാലക്കാട്-കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്-76.90, മലപ്പുറം- തവന്നൂർ- കൂരട-78.28, വെട്ടം- കോട്ടേക്കാട്- 82.27, വയനാട്-തിരുനെല്ലി-അപ്പപ്പാറ- 84.59, കണ്ണൂർ- പേരാവൂർ- പേരാവൂർ-76.63.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്- 90.64, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്-64.03, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ്-57.96. .

*(എസ്.ഇ.സി.11/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

27th February 2018

## 19 തദ്ദേശ വാർഡുകളിൽ നാളെ (ഫെബ്രുവരി 28) ഉപതെരഞ്ഞെടുപ്പ്

പതിമൂന്ന് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഫെബ്രുവരി 28നും തൃശൂർ എളവള്ളി ഗ്രാമ പഞ്ചായത്തിലെ പറയ്ക്കാട് വാർഡിൽ മാർച്ച് 3നും ഉപതെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ക്രമീകരണ ങ്ങൾ പൂർത്തിയായതായി സംസ്ഥാന തിരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മല പ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർ ഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്. വോട്ടെടുപ്പ് രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. മാർച്ച് 1ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. മാർച്ച് 3ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പറയ്ക്കാട് വാർഡിൽ അന്നുതന്നെ വോട്ടെണ്ണി ഫലം പ്രഖ്യാപിക്കും.

വോട്ട് ചെയ്യുന്നതിന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള തിരിച്ചറിയൽ കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ചിട്ടുള്ള എസ്.എ സ്.എൽ.സി ബുക്ക്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തെരഞ്ഞെടുപ്പിനും ആറുമാസത്തിന് മുമ്പു നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ്ബുക്ക്, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയിട്ടുള്ള വോട്ടർ സ്ലിപ്പ് എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം- വിള പ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ, നെടുമ്പന- പുലിയില, പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ-മഞ്ഞപ്രമല, ആലപ്പുഴ- എഴുപുന്ന- കുമാരപുരം, തകഴി-കളത്തിൽപാലം, കോ ട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്, എറണാകുളം- രാമമംഗലം- നെട്ടൂപാടം, വടവുകോട്പുത്തൻകു രിശ്- കരിമുകൾ നോർത്ത്, തൃശൂർ- എളവള്ളി- പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ- കൂരട, വെട്ടം- കോട്ടേക്കാട്, വയനാട്-തിരുനെല്ലി- അപ്പപ്പാറ, കണ്ണൂർ- പേരാവൂർ- പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അമ്പലത്തുകര വാർഡ്.

*(എസ്.ഇ.സി.10/2018)*

| Email: contact.seckerala@gmail.com cru.sec@kerala.gov.in | പത്രക്കുറിപ്പ് | TELEPHONE: 0471-2321233 MOBILE :8281000127 www.sec.kerala.gov.in |
| --- | --- | --- |
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 2nd February 2018 |


## 20 തദ്ദേശ വാർഡുകളിൽ ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനമായി

പതിമൂന്ന് ജില്ലകളിലെ 19 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഫെബ്രുവരി 28നും തൃശൂർ എളവള്ളി ഗ്രാമ പഞ്ചായത്തിലെ പറയ്ക്കാട് വാർഡിൽ മാർച്ച് 3നും ഉപതെരഞ്ഞെടുപ്പ് നടത്താൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ,പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർ ഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ജനുവരി 30ന് നിലവിൽവന്നു. ഫെബ്രുവരി 2 മുതൽ നാമനിർദ്ദേശം സമർപ്പിക്കാം. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 9. സൂക്ഷ്മ പരിശോധന 12. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 14 ലുമാണ്. 19 വാർഡുകളിലെ വോട്ടെടുപ്പ് ഫെബ്രുവരി 28 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. മാർച്ച് 1ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും. മാർച്ച് 3ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പറയ്ക്കാട് വാർഡിൽ അന്നുതന്നെ വോട്ടെണ്ണി ഫലം പ്രഖ്യാപിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ, നെടുമ്പന- പുലിയില, പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ-മഞ്ഞപ്രമല, ആലപ്പുഴ- എഴുപുന്ന- കുമാരപുരം, തകഴി-കളത്തിൽപാലം, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്, എറണാകുളം- രാമമംഗലം-നെട്ടൂപാടം, വടവുകോട്പുത്തൻകുരിശ്-കരിമുകൾ നോർത്ത്, തൃശൂർ- എളവള്ളി-പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ-കൂരട, വെട്ടം-കോട്ടേക്കാട്, വയനാട്-തിരുനെല്ലി-അപ്പപ്പാറ, കണ്ണൂർ- പേരാവൂർ-പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ്.

*(എസ്.ഇ.സി.9/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th January 2018

## 20 തദ്ദേശ വാർഡുകളിൽ ഫെബ്രുവരി 28ന് ഉപതെരഞ്ഞെടുപ്പ്

പതിമൂന്ന് ജില്ലകളിലെ 20 തദ്ദേശ സ്വയംഭരണ വാർഡുകളിൽ ഫെബ്രുവരി 28ന് ഉപതെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർ ഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ്.

മാതൃകാപെരുമാറ്റച്ചട്ടം ഇന്ന് (2018 ജനുവരി 30) നിലവിൽ വന്നു. ഫെബ്രുവരി 2 മുതൽ നാമനിർദ്ദേശം സ്വീകരിക്കും. പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 9. സൂക്ഷ്മ പരിശോധന 12. സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി 14 ലുമാണ്. വോട്ടെടുപ്പ് ഫെബ്രുവരി 28 രാവിലെ 7 മണിക്ക് ആരംഭിച്ച് വൈകിട്ട് 5ന് അവസാനിക്കും. മാർച്ച് 1ന് രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

ഉപതെരഞ്ഞെടുപ്പു നടക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത്, വാർഡ് എന്ന ക്രമത്തിൽ. തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ, നെടുമ്പന- പുലിയില, പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ- മഞ്ഞപ്രമല, ആലപ്പുഴ- എഴുപുന്ന- കുമാരപുരം, തകഴി- കളത്തിൽപാലം, കോട്ടയം- മുത്തോലി- തെക്കുംമുറി നോർത്ത്, എറണാകുളം- രാമമംഗലം- നെട്ടൂപാടം, വടവുകോട്പുത്തൻകുരിശ്- കരിമുകൾ നോർത്ത്, തൃശൂർ- എളവള്ളി-പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ- കൂരട, വെട്ടം- കോട്ടേക്കാട്, വയനാട്-തിരുനെല്ലി-അപ്പപ്പാറ, കണ്ണൂർ- പേരാവൂർ-പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ്.

*(എസ്.ഇ.സി.08/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

30th January 2018

## പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

തിരുവനന്തപുരം: പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് (വാർഡ് 12) അംഗം എൽ.ജോളി പത്രോസിനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യയാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 30 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2015ൽ നടന്ന പൊതു തെരഞ്ഞടുപ്പിൽ ജോളി പത്രോസും ജലജ കുമാരിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗങ്ങളായാണ് തെരഞ്ഞെടുക്കപ്പെട്ടത്. 13 അംഗങ്ങളുള്ള പോത്തൻകോട് ബ്ലോക്ക് പഞ്ചായത്തിൽ യു.ഡി.എഫിന് 7 എൽ.ഡി.എഫ് 6 സീറ്റുകളാണ് ലഭിച്ചിരുന്നത്. യു.ഡി.എഫിന് ഭൂരിപക്ഷം ലഭിച്ചതിനെതുടന്ന് 2015 ഡിസംബർ 1ന് ജലജ കുമാരി യെ പ്രസിഡന്റായും അഡ്വ. അൽത്താഫിനെ വൈസ് പ്രസിഡന്റായും തിരഞ്ഞെടുത്തു.

രണ്ടായിരത്തിപതിനാറ് നവംബർ 7ന് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും എതിരേ എൽ.ഡി.എഫ് അവിശ്വാസ പ്രമേയം കൊണ്ടുവന്നു. അവിശ്വാസ പ്രമേയത്തെ പരാജയപ്പെടുത്തുന്നതിന് ഇന്ത്യൻ നാഷണൽ കോൺഗ്രസ് തിരുനന്തപുരം ജില്ലാ പ്രസിഡന്റ് എല്ലാ യു.ഡി.എഫ് അംഗങ്ങൾക്കും വോട്ടെടുപ്പിൽ നിന്നും വിട്ടുനിൽക്കാൻ വിപ്പ് നൽകി. പാർട്ടി വിപ്പ് ലംഘിച്ച് ജോളി പത്രോസ് അവിശ്വാസ പ്രമേയ ചർച്ചയിൽ പങ്കെടുത്ത് അനുകൂലമായി വോട്ടു ചെയ്യുകയും പ്രമേയം പാസാകുകയും ചെയ്തു. ഈ നടപടികൾക്കെതിരേ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അംഗം ജലജ കുമാരി നൽകിയ ഹർജി പരിഗണിച്ചാണ് കമ്മീഷൻ ജോളി പത്രോസിനെതിരെ നടപടി എടുത്തത്.

*(എസ്.ഇ.സി.07/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**24th January 2018**

## തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്തിലെ മൂന്ന് മുൻ അംഗങ്ങളെ അയോഗ്യരാക്കി.

മലപ്പുറം: തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലെ മുൻ അംഗങ്ങളായ പി.ഫിറോസ്, മുഹമ്മദ്കുട്ടി, ഖദീജ.എ.കെ എന്നിവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 24 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തിപത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തെരഞ്ഞടുപ്പിൽ പി.ഫിറോസ് ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് അംഗമായും തുടർന്ന് പഞ്ചായത്ത് പ്രസിഡന്റായും തെരഞ്ഞെടുക്കപ്പെട്ടു. ഇദ്ദേഹം രാജിവച്ചതിനെ തുടർന്ന് 2015 ഏപ്രിൽ 27ന് പുതിയ പ്രസിഡന്റ് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. തെരഞ്ഞടുപ്പിൽ പി.ഖദീജക്ക് വോട്ട് ചെയ്യാൻ എല്ലാ മുസ്ലിം ലീഗ് അംഗങ്ങൾക്കും ലീഗ് ജില്ലാ സെക്രട്ടറി വിപ്പ് നൽകി. എന്നാൽ പി.ഫിറോസ്, മുഹമ്മദ്കുട്ടി, ഖദീജ.എ.കെ എന്നിവർ തെരഞ്ഞെടുപ്പ് യോഗത്തിലോ, വോട്ടിംഗിലോ പങ്കെടുക്കാതെ വിട്ടു നിന്നു. ഈ നടപടികൾക്കെതിരേ മുസ്ലിം ലീഗ് അംഗം പി.ഖദീജ. സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവർക്കെതിരെ നടപടി സ്വീകരിച്ചത്.

*(എസ്.ഇ.സി.06/2018)*

| Email:<br>**contact.seckerala@gmail.com**<br>**cru.sec@kerala.gov.in** | **പത്രക്കുറിപ്പ്** | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>**www.sec.kerala.gov.in** |
|---|---|---|
| | **കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ** | **12th January 2018** |

## ഉപതെരഞ്ഞെടുപ്പ് എൽ.ഡി.എഫ് 10 യു.ഡി.എഫ് 5 സീറ്റുകൾ നേടി

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ എൽ.ഡി.എഫ് 10 ഉം യു.ഡി.എഫ് 5ഉം സീറ്റുകൾ നേടിയതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അറിയിച്ചു. 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും രണ്ട് നഗരസഭ വാർഡുകളിലും ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

എൽ.ഡി.എഫ് വിജയിച്ച വാർഡ്, സ്ഥാനാർത്ഥി, ഭൂരിപക്ഷം, എന്ന ക്രമത്തിൽ. തിരുവനന്തപുരം-നഗരൂർ- എ. ഷിബാന- 141, കൊല്ലം- വിളന്തറ-പി. ജയശ്രീ-71, കൊറ്റങ്കര-മാമ്പുഴ-വിജയൻ പിള്ള. പി. കെ-197, കോട്ടയം- മരങ്ങാട്- അരുണിമ പ്രദീപ് -273, ഇടുക്കി- മുനിയറ സൗത്ത്- രമ്യ റെനീഷ്-148, പാലക്കാട്-മിച്ചാരംകോട്- രുഗ്മിണി ഗോപി -210, മലപ്പുറം- ഞെട്ടികുളം- രജനി-88, എ.കെ.ജി നഗർ- വി. കെ. ബേബി -265,
എറണാകുളം- ഏലൂർ നഗരസഭയിലെ പാറയ്ക്കൽ- ബേബി ജോൺ-207, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം- എച്ച്. ശങ്കരൻ-1626
യു.ഡി.എഫ് വിജയിച്ചവ. തിരുവനന്തപുരം- മൈലച്ചൽ- വി.വീരേന്ദ്രകുമാർ- 109, കൊല്ലം-തെക്കുംപുറം- ഓമന സുധാകരൻ-112, പാലക്കാട്-കോണിക്കഴി- ബി. മുഹമ്മദ്-149, മലപ്പുറം- തിണ്ടലം- മോഹനകൃഷ്ണൻ. കെ. കെ-180. പൊന്നാനി നഗരസഭയിലെ അഴീക്കൽ വാർഡിൽ അത്തീക്ക് പറമ്പിൽ 8 വോട്ടുകൾക്ക്.
അഴീക്കൽ നഗരസഭ വാർഡും കോണിക്കഴി ഗ്രാമ പഞ്ചായത്ത് വാർഡും എൽ.ഡി.എഫിൽനിന്നും യു.ഡി.എഫ് പിടിച്ചെടുത്തപ്പോൾ പാറയ്ക്കൽ നഗരസഭ വാർഡ് സ്വതന്ത്രനിൽനിന്നും, മുനിയറ സൗത്ത് ബി.ജെ.പിയിൽനിന്നും, ഞെട്ടികുളം യു.ഡി.എഫിൽനിന്നും എൽ.ഡി.എഫ് പിടിച്ചെടുത്തു. രണ്ടായിരത്തി പതിനഞ്ചിൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്-9, യു.ഡി.എഫ്-4, സ്വതന്ത്രൻ-1 എന്നിങ്ങനെയായിരുന്നു സീറ്റുനില.

*(എസ്.ഇ.സി.05/2018)*

Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

**www.sec.kerala.gov.in**

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**11th January 2018**

## ഉപതെരഞ്ഞെടുപ്പിൽ 80.19 ശതമാനം പോളിംഗ്

വ്യാഴാഴ്ച ഉപതെരഞ്ഞെടുപ്പ് നടന്ന 15 തദ്ദേശ സ്വയംഭരണ വാർഡുകളിൽ 80.19 ശതമാനം പേർ വോട്ടു രേഖപ്പെടുത്തിയതായി സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. 12 ഗ്രാമപഞ്ചായത്ത് വാർഡുകളിലും രണ്ട് നഗരസഭ വാർഡുകളിലും ഒരു ബ്ലോക്ക് പഞ്ചായത്ത് വാർഡിലുമാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഇന്ന്(ജനുവരി12) രാവിലെ 10 മണിക്ക് വോട്ടെണ്ണൽ ആരംഭിക്കും.

തെരഞ്ഞെടുപ്പു നടന്ന ജില്ല, ഗ്രാമ പഞ്ചായത്ത്, വാർഡ്, വോട്ടിംഗ് ശതമാനം എന്ന ക്രമത്തിൽ. തിരുവനന്തപുരം- ആര്യങ്കോട്- മൈലച്ചൽ- 85.75, നഗരൂർ- നഗരൂർ - 78.90, കൊല്ലം- പടിഞ്ഞാറേകല്ലട- വിളന്തറ- 79.98, നെടുവത്തൂർ- തെക്കുംപുറം- 71.23, കൊറ്റങ്കര- മാമ്പുഴ- 76.04, കോട്ടയം- വാകത്താനം- മരങ്ങാട്- 82.75, ഇടുക്കി- കൊന്നത്തടി- മുനിയറസൗത്ത്- 75.75, പാലക്കാട്- കടമ്പഴിപ്പുറം-കോണിക്കഴി-80.10, വടക്കൻഞ്ചേരി- മിച്ചാരംകോട്-76.32, മലപ്പുറം- പോത്തുകല്ല്- ഞെട്ടികുളം-85.05, തിരുവാലി- എ.കെ.ജി നഗർ-79.58, എടയൂർ- തിണ്ടലം-84.25

എറണാകുളം- ഏലൂർ നഗരസഭയിലെ പാറയ്ക്കൽ-81.77, മലപ്പുറം പൊന്നാനി നഗരസഭയിലെ അഴീക്കൽ-92.08, കാസർഗോഡ് കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിലെ ബേഡകം-73.30 .

*(എസ്.ഇ.സി.04/2018)*

Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

10th January 2018

## കൂടരഞ്ഞി പഞ്ചായത്ത് അംഗത്തെ അയോഗ്യയാക്കി

കോഴിക്കോട്: കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് അംഗം ഗ്രേസി കീലത്തിനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 10 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതു തെരഞ്ഞടുപ്പിൽ ഗ്രേസി കീലത്ത് കേരള കോൺഗ്രസ്(എം) ൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. 14 വാർഡുകളുള്ള കൂടരഞ്ഞി ഗ്രാമപഞ്ചായത്തിൽ യു.ഡി. എഫ്-7, എൽ.ഡി. എഫ്-6, സ്വതന്ത്രൻ-1 എന്നിങ്ങനെയാണ് സീറ്റുകൾ. സ്വതന്ത്രന്റെ പിന്തുണയോടെ യു.ഡി.എഫാണ് പഞ്ചായത്ത് ഭരിക്കുന്നത്.

രണ്ടായിരത്തി പതിനാറ് നവംബർ 21ന് പ്രസിഡന്റിനെതിരേ അവിശ്വാസ പ്രമേയം അവതരിപ്പിക്കുന്നതിന് കേരള കോൺഗ്രസ്(എം) നോട്ടീസ് നൽകി. തുടർന്ന് പ്രമേയത്തെ അനുകൂലിക്കാൻ കേരള കോൺഗ്രസ് (എം) അംഗങ്ങൾക്ക് ജില്ലാ പ്രസിഡന്റ് വിപ്പ് നൽകി. എന്നാൽ ഗ്രേസി കീലത്ത് പാർട്ടി വിപ്പ് ലംഘിച്ച് വോട്ടെടുപ്പിൽ നിന്നും വിട്ടു നിന്ന്, പ്രമേയത്തെ പരാജയപ്പെടുത്താൻ നിലപാട് സ്വീകരിച്ചു. ഈ നടപടികൾക്കെതിരേ സി.പി.ഐ(എം) അംഗം ജിജി കട്ടകയം സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ നടപടി എടുത്തത്.

*(എസ്.ഇ.സി.03/2018)*

Email:
contact.seckerala@gmail.com
electionker@gmail.com

# പത്രക്കുറിപ്പ്

TELEPHONE: 0471-2321233
MOBILE :8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

05th January 2018

## 20 തദ്ദേശ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നു

ഉപതെരഞ്ഞെടുപ്പിന് മുന്നോടിയായി പതിമൂന്ന് ജില്ലകളിലെ 20 തദ്ദേശ സ്വയംഭരണ വാർഡുകളിൽ വോട്ടർപട്ടിക പുതുക്കുന്നതിന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ വി.ഭാസ്കരൻ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർമാർക്ക് നിർദ്ദേശം നൽകി.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, ജില്ലകളിലെ 17 ഗ്രാമപഞ്ചായത്ത് വാർഡുകളിലും കോഴിക്കോട് ഒരു നഗരസഭ വാർഡിലും വയനാട്, കാസർഗോഡ് ജില്ലകളിലെ ഓരോ ബ്ലോക്ക്പഞ്ചായത്ത് വാർഡിലുമാണ് വോട്ടർപട്ടിക പുതുക്കുന്നത്.

അപേക്ഷകളും ആക്ഷേപങ്ങളും ഇന്നു മുതൽ (ജനുവരി 5) 19 വരെ ഓൺ ലൈനായി സമർപ്പിക്കാം. പേര് ഉൾപ്പെടുത്തുന്നതിന്-ഫാറം 4, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിന്-ഫാറം 6, പോളിംഗ് സ്റ്റേഷൻ/വാർഡ് സ്ഥാനമാറ്റം-ഫാറം 7 ലും ഉള്ള അപേക്ഷകൾ ഓൺ ലൈനായി സ്വീകരിക്കും. പേര് ഒഴിവാക്കുന്നതിന് -ഫാറം5 ൽ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം അപേക്ഷിക്കേണ്ടത്.

അവകാശവാദങ്ങളിന്മേൽ ജനുവരി 29ന് തീർപ്പ് കൽപ്പിച്ച് 30ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതിയായ 2018 ജനുവരി ഒന്നിനോ അതിനുമുമ്പോ അപേക്ഷകർക്ക് 18 വയസ് തികഞ്ഞിരിക്കണം. കരട് വോട്ടർ പട്ടിക ബന്ധപ്പെട്ട പഞ്ചായത്ത് നഗരസഭ താലൂക്ക് ഓഫീസുകളിലും പഞ്ചായത്തുകളുടേത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിലെ പട്ടിക www.lsgelection.kerala.gov.inൽ ലഭിക്കും.

വോട്ടർപട്ടിക പുതുക്കുന്ന ജില്ല, ഗ്രാമപഞ്ചായത്ത് , വാർഡ് എന്ന ക്രമത്തിൽ.തിരുവനന്തപുരം-വിളപ്പിൽ-നൂലിയോട്, കൊല്ലം- ഉമ്മന്നൂർ- അണ്ടൂർ,നെടുമ്പന-പുലിയില,പത്തനംതിട്ട- തണ്ണിത്തോട് - മണ്ണീറ, ചെറുകോൽ-മഞ്ഞപ്രമല, ആലപ്പുഴ-എഴുപുന്ന-കുമാരപുരം,തകഴി-കളത്തിൽപാലം, കോട്ടയം-മുത്തോലി-തെക്കുംമുറി നോർത്ത്,എറണാകുളം-രാമമംഗലം-നെട്ടൂപാടം,വടവുകോട്പുത്തൻകുരിശ്- കരിമുകൾ നോർത്ത്, തൃശൂർ-എളവള്ളി-പറയ്ക്കാട് , ചാഴൂർ-പഴുവിൽനോർത്ത്, പാലക്കാട്- കുലുക്കല്ലൂർ- മപ്പാട്ടുകര വെസ്റ്റ്, മലപ്പുറം- തവന്നൂർ- കൂരട, വെട്ടം-കോട്ടേക്കാട്, വയനാട്-തിരുനെല്ലി-അപ്പപ്പാറ, കണ്ണൂർ- പേരാവൂർ-പേരാവൂർ.

കോഴിക്കോട് കൊടുവള്ളി നഗരസഭയിലെ തലപ്പെരുമണ്ണ വാർഡ്, വയനാട് ജില്ലയിലെ കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്തിൽ പടിഞ്ഞാറത്തറ വാർഡ്( പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4, 10, 11 12, 13, 14, 16 വാർഡുകൾ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ബ്ലോക്ക്പഞ്ചായത്ത് അമ്പലത്തുകര വാർഡ് (മടിക്കൈ ഗ്രാമപഞ്ചായത്തിലെ 2, 10, 11, 12, 13, 14, 15 വാർഡുകൾ, അജാനൂർ ഗ്രാമപഞ്ചായത്തിലെ 9, 10 വാർഡുകൾ) ലുമാണ് വോട്ടർ പട്ടിക പുതുക്കുന്നത്.

.

*(എസ്.ഇ.സി.02 /2018)*

| Email:<br>contact.seckerala@gmail.com<br>electionker@gmail.com | പത്രക്കുറിപ്പ് | TELEPHONE: 0471-2321233<br>MOBILE :8281000127<br><br>www.sec.kerala.gov.in |
|---|---|---|
| | കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ | 05th January 2018 |

# കുന്നത്തൂർ പഞ്ചായത്തിലെ രണ്ട് പേരെ അയോഗ്യരാക്കി

കൊല്ലം: കുന്നത്തൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ വി.ഭാസ്കരൻ അയോഗ്യരാക്കി. കൂറുമാറ്റ നിരോധന നിയമ പ്രകാരം, നിലവിൽ അംഗമായി തുടരുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കു മൽസരിക്കുന്നതിനും 2018 ജനുവരി 3 മുതൽ ആറു വർഷത്തേക്കാണ് കമ്മീഷൻ വിലക്ക് ഏർപ്പെടുത്തിയത്.

രണ്ടായിരത്തി പതിനഞ്ചിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന പൊതുതെരഞ്ഞെടുപ്പിൽ രാജശേഖരൻ പിള്ള.പി.എസ്, സി.പി.ഐ പിന്തുണയോടെ സ്വതന്ത്രനായും സതി ഉദയകുമാർ സി.പി.ഐ അംഗമായുമാണ് തെരഞ്ഞെടുക്കപ്പെട്ടത്. നിലവിലെ പഞ്ചായത്ത് പ്രസിഡന്റ് രാജിവച്ചതിനെ തുടർന്ന് വന്ന ഒഴിവിലേക്ക് 2016 ആഗസ്റ്റ് 10ന് നടന്ന തെരഞ്ഞെടുപ്പിൽ എ.ദിലീപ് എൽ.ഡി.എഫിന്റെ ഔദ്യോഗിക സ്ഥാനാർത്ഥിയായി മത്സരിച്ചു. രാജശേഖരൻ പിള്ള.പി.എസ്, സതി ഉദയകുമാർ എന്നിവരോട് എ.ദിലീപിന് വോട്ടു ചെയ്യാൻ സി.പി.ഐ കൊല്ലം ജില്ലാ സെക്രട്ടറി പാർട്ടി വിപ്പ് നൽകി. പാർട്ടി വിപ്പ് ലംഘിച്ച് രാജശേഖരൻ പിള്ളയും സതി ഉദയ കുമാറും വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നുകൊണ്ട് എതിർ സ്ഥാനാർത്ഥിക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചു. ഈ നടപടികൾക്കെതിരേ സി.പി.ഐ(എം) അംഗം ബീന.വി സമർപ്പിച്ച ഹർജി പരിഗണിച്ചാണ് കമ്മീഷൻ ഇവർക്കെതിരെ നടപടി എടുത്തത്.

*(എസ്.ഇ.സി.01 /2018)*